# പൈനാപ്പിൾ ഗവേഷണ കേന്ദ്രം നാൾവഴികളിലൂടെ

ഡോ. പി. പി. ജോയി & അഞ്ജന ആർ., പൈനാപ്പിൾ റിസേർച്ച് സ്റ്റേഷൻ, വാഴക്കുളം, മൂവാറ്റുപുഴ, എറണാകുളം, കേരളം
ഫോൺ: 0485-2260832, മൊബൈൽ: 9446010905, ഇ-മെയിൽ: prsvkm@kau.in, വെബ്സൈറ്റ്: http://prsvkm.kau.in

## തുടക്കം

പൈനാപ്പിൾ കർഷകർക്ക് ഗവേഷണ വികസന സഹായത്തിനായി ഈ സ്ഥാപനം 1995 ജനുവരി 2 ന് വാഴക്കുളത്ത് ആരംഭിച്ചു. അന്ന മുതൽ ഈ ഗവേഷണ കേന്ദ്രം ഇന്ത്യയിലാകമാനവും, പ്രത്യേകിച്ച് കേരളത്തിൽ, പൈനാപ്പിൾ കർഷകർക്ക് ഒരത്താണിയായി നില കൊള്ളുന്നു. കേരള ഹോർട്ടികൾച്ചർ വികസന പദ്ധതിയുടെ (കെ.എച്ച്.ഡി.പി) കീഴിൽ 2.1.1995–ൽ ''പൈനാപ്പിൾ ഗവേഷണ കേന്ദ്രവും കീടരോഗ മേൽനോട്ട യൂണിറ്റും (Pineapple Research Station & Pest and Disease Surveillance Unit)'' എന്ന പേരിലാണ് ആരംഭിച്ചത്. 24.6.1996–ൽ ഓഫീസും അതിനോടനുബന്ധിച്ച് ഗവേഷണശാലയും പണിയുന്നതിന് റവന്യൂ വകുപ്പ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് 15 സെന്റ് സ്ഥലം വിട്ടുതന്നു. 1.7.1997–ൽ ഈ കേന്ദ്രം കെ.എച്ച്.ഡി.പി യിൽ നിന്നും മാറി കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായി പട്ടാമ്പി മധ്യമേഖല കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. 27.6.1998–മുതൽ കേന്ദ്രം പുതിയ കെട്ടിടത്തിൽ ഇപ്പോഴത്തെ സ്ഥാനത്ത് തുടർന്നു വരുന്നു.

## സ്ഥാനം




എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിൽ നിന്ന് 10 കി.മീ. കിഴക്ക് മാറി തൊടുപുഴ–മൂവാറ്റുപുഴ റോഡിൽ വാഴക്കുളം പൈനാപ്പിൾ മാർക്കറ്റിനോട് ചേർന്നാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത് (ജിയൊ കോർഡിനേറ്റ്സ്: 9.9435,76.6384). ഇവിടെ നിന്നും കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ട്, നെടുമ്പാശേരിയിലേക്ക് 40 കി.മീ. ദൂരമുണ്ട്. 50 കി.മീ. അകലെ ആലുവ റെയിൽവെ സ്റ്റേഷനും 80 കി. മീ. അകലെ കൊച്ചി തുറമുഖവും സ്ഥിതി ചെയ്യുന്നു.

## വീക്ഷണം

യോഗ്യതയും കഴിവുമുള്ള ജീവനക്കാർ, ഗുണനിലവാരമുള്ള അനുബന്ധ സൗകര്യങ്ങൾ, ശ്രേഷ്ഠമായ ജോലിസംസ്കാരം എന്നിവയിലൂടെ മികച്ച സാങ്കേതിക വിദ്യ ഉല്പന്നങ്ങൾ, സേവനങ്ങൾ ലഭ്യമാക്കുക.

## ആദർശസൂക്തം

ഉദ്ദേശ്യ സാക്ഷാത്ക്കരണത്തിന് പരിഗണന യോഗ്യത മാത്രം.

## ഗവേഷണ നിയോഗ മേഖലകൾ

- പൈനാപ്പിളിന്റെയും പാഷൻ ഫ്രൂട്ടിന്റെയും ജനിതക ദ്രവ്യത്തിന്റെ സമാഹരിക്കൽ, തരംതിരിക്കൽ, വിവരശേഖരണം, സംരക്ഷണം, വിലയിരുത്തൽ എന്നിവ നടത്തുക
- വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിക്കും അതിന്റെ പ്രയോജനത്തിനുമായി മെച്ചപ്പെട്ട ഇനങ്ങൾ കണ്ടെത്തുകയും അവ വികസിപ്പിച്ചെടുക്കുകയും ചെയ്യുക
- ഏറ്റവും മെച്ചപ്പെട്ട പ്രജനനത്തിന്റെയും പരിപാലനത്തിന്റെയും രീതികൾ വികസിപ്പിക്കുക
- ജൈവ നിയന്ത്രണ രീതികൾ വികസിപ്പിച്ചെടുക്കുക
- കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുക
- വിദേശ പഴങ്ങളുടെ സ്വദേശീകരണം, വിലയിരുത്തൽ, പരിപാലനം
- സമതല പ്രദേശങ്ങൾക്കനുയോജ്യമായ മിതോഷ്ണ മേഖല പഴവർഗ്ഗങ്ങളെ കണ്ടെത്തുകയും കൃഷി സംബന്ധമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുകയും ചെയ്യുക
- വീട്ടുവളപ്പിലെ കൃഷിക്ക് അനുയോജ്യമായ പഴവർഗ്ഗങ്ങൾ കണ്ടെത്തുക

- ഉയർന്ന സങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഴങ്ങളുടെ കൃഷി രീതി (അതിസാന്ദ്രത നടീൽ, ഫെർട്ടിഗേഷൻ, സംരക്ഷണ കൃഷി രീതികൾ, കനോപ്പി നിയന്ത്രിക്കൽ)
- പഴവർഗ്ഗങ്ങളിൽ ജൈവ സാങ്കേതിക വിദ്യയുടെ ഇടപെടൽ
- പ്രധാന പഴവർഗ്ഗവിളകളുടെ സൂക്ഷിപ്പുകാലം കൂട്ടുന്നതിനു വേണ്ടി വിളവെടുപ്പിന് മുമ്പും പിമ്പും വേണ്ടുന്നതായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുക
- പഴവർഗ്ഗങ്ങളുടെ ഉല്പന്നത്തിലെ വൈവിധ്യവൽക്കരണം, ഉപോല്പന്നങ്ങളുടെ ഉപയോഗം, മാലിന്യ നിയന്ത്രണം
- പഴങ്ങളുടെ കൃഷി, വിളവെടുപ്പ്, വിളവെടുപ്പിനു ശേഷമുള്ള കാര്യങ്ങൾ, സംസ്കരണം തുടങ്ങിയവ യന്ത്രവല്ക്കരിക്കുക
- കാലാവസ്ഥയിലുള്ള വ്യതിയാനം പഴങ്ങളുടെ വളർച്ചയെ എങ്ങനെ ബാധിക്കുന്നു എന്ന് പഠിക്കുക

## കാര്യനിയോഗങ്ങൾ

- പൈനാപ്പിൾ – പാഷൻ ഫ്രൂട്ട് കർഷകർക്ക് ഗവേഷണ വികസന ശുപാർശകൾ നൽകുക
- പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് മേഖലകളിൽ സാങ്കേതിക മികവുള്ള ഉൽപന്നങ്ങളും, ഇനങ്ങളും സേവനങ്ങളും ലഭ്യമാക്കുക
- പൈനാപ്പിളിലും കേരളത്തിലെ മറ്റു പഴവർഗ്ഗങ്ങളിലും അടിസ്ഥാനപരവും, പ്രായോഗികവുമായ ഗവേഷണം നടത്തുക

## ഉദ്ദേശ്യലക്ഷ്യങ്ങൾ

- പൈനാപ്പിൾ – പാഷൻ ഫ്രൂട്ട് കൃഷിയുടെ പ്രചാരണം
- ഉത്പാദന സാങ്കേതികവിദ്യയുടെ സാമ്പത്തിക സന്തുലനം
- ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കൽ
- വൈറസ് രോഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള പൈനാപ്പിൾ – പാഷൻ ഫ്രൂട്ട് ഇനങ്ങൾ കണ്ടെത്തുക
- പൈനാപ്പിൾ – പാഷൻ ഫ്രൂട്ട് സംസ്കരണം, ഉത്പന്നങ്ങളുടെ വൈവിധ്യകരണം, ഉപയോഗം, കയറ്റുമതി എന്നിവയെ ത്വരിതപ്പെടുത്തൽ

## സൗകര്യങ്ങൾ

***ഓഫീസ്:*** സ്ഥാപനത്തിന്റെ സുഗമമായ ഭരണ നിർവ്വഹണത്തിനായി ഒരു ശാസ്ത്രജ്ഞനും ഓഫീസ് അസിസ്റ്റന്റും സ്ഥിര ജീവനക്കരായുള്ള ഭരണ സംവിധാനമാണുള്ളത്. ഫാം ഉപദേശക സമിതിയുടെ മേൽനോട്ടത്തിൽ വിവിധ ഗവേഷണ വികസന പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നു.

***പരീക്ഷണ ശാലകൾ:*** സസ്യ ടിഷ്യൂകൾച്ചർ, ജീവ രസതന്ത്രം, രോഗനിർണ്ണയശാല, ഭക്ഷ്യസാങ്കേതിക വിദ്യ എന്നീ പരീക്ഷണ ശാലകളിലായി, ജെൽഡോക്യുമെന്റേഷൻ, എലൈസ റീഡർ & വാഷർ, പി.സി.ആർ, യു.വി. വിസ് സ്പെക്ട്രോഫോട്ടോമീറ്റർ, യു.വി.ട്രാൻസില്ലുമിനേറ്റർ, ഫ്ളയിം ഫോട്ടോമീറ്റർ, സെന്റ്രിഫ്യൂജ്, ഓട്ടോക്ലേവ്, മൈക്രോസ്കോപുകൾ, ഇലക്ട്രോഫൊറസിസ് യൂണിറ്റുകൾ, ഇളക്കുന്ന യന്ത്രം, അതികൃത്യതാ തുലാസുകൾ, ഓവനുകൾ, ഡീപ് ഫ്രീസർ, ബി.ഓ.ഡി., ലാമിനാർ എയർ ഫ്ളോ ചേമ്പറുകൾ, ഡിസ്റ്റിലേഷൻ യൂണിറ്റ്, മഫിൾ ഫർണസ്, വിസ്കോമീറ്റർ, പെനിട്രോമീറ്റർ, പ്രദർശന സംവിധാനം തുടങ്ങിയ ശാസ്ത്ര സാങ്കേതികോപകരണങ്ങൾ പ്രവർത്തനക്ഷമമാണ്.

ഈ സ്ഥാപനത്തിലെ ബയോടെക്നൊളജി, ബയോകെമിസ്ട്രി, ഫുഡ് ടെക്നൊളജി, മൈക്രൊ ബയൊളജി, ഇൻഫർമേഷൻ ടെക്നൊളജി ലബോറട്ടറികൾ ആധുനിക സൗകര്യങ്ങളോട് കൂടിയവയും മുഴുവൻ സമയവും വൈ.ഫൈ. ബന്ധങ്ങളോട് കൂടിയവയുമാണ്. അതായത് ലോകത്തെവിടെയുമുള്ള നൂതന സാങ്കേതിക വിദ്യകൾ ഒരു മൌസ് ക്ളിക്ക് അകലെ മാത്രം. നൂതന കൃഷി സമ്പ്രദായങ്ങൾ, ടിഷ്യൂ കൾച്ചർ, നഴ്സറി ജോലികൾ, ലബോറട്ടറി സാങ്കേതിക വിദ്യകൾ, ഗുണമേന്മ പരിശോധന, ഫല സംസ്കരണം, മൂല്യ വർദ്ധനം മുതലായവയുടെ ശാസ്ത്രീയ പഠനം




**a.** എലൈസ റീഡർ & വാഷർ **b.** യു.വി. വിസ് സ്പെക്ട്രോ ഫോട്ടോമീറ്റർ **c.** പി.സി.ആർ **d.** ഓട്ടോക്ലേവ് **e.** ഫ്ളയിം ഫോട്ടോമീറ്റർ **f.** മൈക്രോസ്കോപ് **g.** വിസ്കോമീറ്റർ **h.** സെന്റ്രിഫ്യൂജ് **i.** ലാമിനാർ എയർ ഫ്ളോ ചേമ്പർ **j.** യു.വി.ട്രാൻസില്ലുമിനേറ്റർ

ഇവിടെ നടക്കുന്നു. സർവകലാശാല വിദ്യാർഥികൾക്ക് ഈ ലബോറട്ടറികളിൽ കേരള കാർഷിക സർവ്വകലാശാലയുടെ നിബന്ധനകൾക്ക് വിധേയമായി പ്രൊജക്ടുകൾ ചെയ്യാവുന്നതാണ്.

***പരീക്ഷണ നിലം:*** കേന്ദ്രത്തിലെ ഗവേഷണ നിരീക്ഷണങ്ങൾ 5 കിലോമീറ്റർ അകലെ നടുക്കരയുള്ള (വി. എ. എഫ്. പി. സി.) സദയം പാട്ടത്തിനു തന്നിരിക്കുന്ന 0.61 ഹെക്ടർ ഭൂമിയിലാണ് നടത്തുന്നത്. ഇവിടെയാണ് പൈനാപ്പിളും പാഷൻ ഫ്രൂട്ടും കൃഷി ചെയ്ത് പരീക്ഷിച്ച് ഗവേഷണങ്ങൾ നടത്തി മികച്ച ഇനങ്ങളും പരിപാലനമുറകളും ഉരുത്തിരിക്കുന്നത്.

***ഗ്രന്ഥശാല:*** കൃഷിക്കും ഗവേഷണത്തിനും ആവശ്യമായ പ്രധാന പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമുള്ള ഗ്രന്ഥശാല. ഈ ഗ്രന്ഥശാല കേന്ദ്രത്തിന്റെ വിവിധ പരീക്ഷണങ്ങൾക്ക് സഹായകമാകുന്നു. കൂടാതെ, ഗവേഷണ വിദ്ധ്യാർത്ഥികൾക്കും മറ്റ് സർവ്വകലാശാലയിൽ നിന്നും പ്രോജക്റ്റ് ചെയ്യാൻ വരുന്ന വിദ്ധ്യാർത്ഥികൾക്കും പല വ്യത്യസ്ഥ പ്രവർത്തനമുറകൾ പഠിക്കാനും ഗവേഷണം നടത്താനും ഇതു കൊണ്ട് സാധിക്കുന്നു.

***ശിൽപശാല ഹാൾ:*** എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയ ദ്രശ്യ-ശ്രവ്യ സാങ്കേതിക ഉപകരണങ്ങളുമുള്ള ഹാൾ.

ഇവിടെയുള്ള സ്റ്റാഫുമായി ഒത്ത് ചേർന്ന് നൂതന സാങ്കേതിക വിദ്യകൾ പഠിക്കുകയും ഉയർന്ന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാവുന്നതാണു. ഉയർന്ന പ്രവൃത്തി പരിചയത്തിനു പുറമേ സ്വയം സംരംഭ സംഘങ്ങളുടെ രൂപീകരണത്തിനും ഉന്നമനത്തിനും ആവശ്യമായ തൊഴിൽ അധിഷ്ഠിത പരിശീലന പരിപാടികളും കേരള കാർഷിക സർവ്വകലാശാലയുടെ നിബന്ധനകൾക്ക് വിധേയമായി ഇവിടെ നടത്തപെടുന്നുണ്ട്. നൂതന കൃഷി സമ്പ്രദായങ്ങൾ, ടിഷ്യൂ കൾച്ചർ, നഴ്സറി ജോലികൾ, ലബോറട്ടറി സാങ്കേതിക വിദ്യകൾ, ഗുണമേന്മ പരിശോധന, ഫല സംസ്കരണം, മൂല്യ വർദ്ധനം, വിപണനം മുതലായ തൊഴിൽ അധിഷ്ഠിത പരിശീലനങ്ങളാണ് നൽകുന്നത്.

ഉയർന്ന പ്രവൃത്തി പരിചയത്തിനു പുറമേ ഓരോരുത്തർക്കും അവരവരുടെ അഭിരുചിക്കനുസരിച്ച് കാര്യ നിർവഹണത്തിന് ആവശ്യമായ തൊഴിൽ നൈപുണ്യം, കർമ്മ നിരത, കാര്യ ക്ഷമത, സമയ നിഷ്ഠ, കൃത്യ നിഷ്ഠ, മത്സര ക്ഷമത, സത്യ സന്ധത, ധർമ്മ നീതി, സ്വഭാവ ശുദ്ധി, സാമൂഹിക പ്രതിബദ്ധത മുതലായവയിലൂന്നിയ മൂല്യാധിഷ്ഠിത തൊഴിൽ സംസ്കാരം സ്വായത്തമാക്കുവാനും ഒത്തൊരുമയൊടെയുള്ള ടീം പ്രവർത്തനത്തിലൂടെ സമയ ബന്ധിതമായി കാര്യ നിർവഹണം നടത്തുവാനും സാധിക്കും.

***വിൽപന കേന്ദ്രം:*** ടിഷ്യൂകൾച്ചർ തൈകൾ- പൈനാപ്പിൾ (എം ഡി -2, ക്യൂ), വാഴ; പൈനാപ്പിൾ കാനികൾ (എം ഡി -2, ക്യൂ, അമൃത, മൗറീഷ്യസ്); വിത്തു തൈകൾ- പാഷൻഫ്രൂട്ട് (134പി, പർപ്പിൾ, മഞ്ഞ, കാവേരി), വേരുപിടിപ്പിച്ച തണ്ടുകൾ- 134പി, ആകാശവെള്ളരി എന്നിവ ഇവിടെ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നു.

***ഇ-ഗവർണൻസ്:*** കേരള കാർഷിക സർവ്വകലാശാലയുടെ ഇ-ഗവർണൻസിന്റെ ഭാഗമായി പദ്ധതി നടത്തിപ്പുകളുടെ പ്രായോഗിക കാര്യക്ഷമത ഉറപ്പുവരുത്താനായി യുഫാസ്റ്റ് (UFAST: University Functional Accountability SysTem) നടപ്പാക്കിയിരിക്കുന്നു. ഇതിലൂടെ ഈ സ്ഥാപനത്തിന്റെ പദ്ധതി നടത്തിപ്പുകളുടെ വിവരങ്ങൾ കേരള കാർഷിക സർവ്വകലാശാല തൽസമയം നിരീക്ഷിച്ചു വരുന്നു. അതു പോലെ വിവിധ ഗവേഷണ പദ്ധതികളും ഓർമിസ് (ORMIS: Online Research Management Information System) വഴി കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നു. കേന്ദ്രത്തിലെ ഏത് ഗവേഷണ പദ്ധതികളുടെയും വിവരങ്ങൾ സർവ്വകലാശലയ്ക്ക് തൽസമയം നിരീക്ഷിക്കാൻ കഴിയും.

***വെബ്സൈറ്റ്:*** സ്ഥാപനത്തിന്റെ സ്വന്തമായ വെബ്സൈറ്റിലൂടെ (http://prsvkm.kau.in) ഏറ്റവും സുതാര്യതയോടെ ഏവർക്കും സ്താപനത്തിന്റെ ഗവേഷണ വികസന പദ്ധതികൾ, നടപടിക്രമങ്ങൾ, പ്രവർത്തന ഫലങ്ങൾ, പ്രസിദ്ധീകരണങ്ങൾ, മുതലായവയെപ്പറ്റി അറിയുകയും സൗജന്യമായി വിവരങ്ങളും, ലേഖനങ്ങളും, റിപ്പോർട്ടുകളും ഡൗൺലോഡ് ചെയ്യുവാനും കഴിയുന്നു.

***വാട്സാപ്പ് ഗ്രൂപ്പുകൾ:*** സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയിരിക്കുന്ന പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ അവരവരുടെ ഫോണിൽക്കൂടിത്തന്നെ വിവിധ മേഖലയിലുള്ളവരുമായി തൽസമയം സംവാദിക്കുവാനും, അനുഭവങ്ങൾ പങ്കിടുവാനും, പ്രശ്നപരിഹാരങ്ങൾ തേടുവാനും കഴിയുന്നു. പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് വാട്സാപ്പ് ഗ്രൂപ്പുകളിൽ അംഗമാകുന്നതിന് നിങ്ങളുടെ വാട്ട്സാപ്പ് നമ്പർ നൽകിയാൽ മതി.

***ജീവനക്കാർ:***

**പട്ടിക 1. സ്ഥാപനത്തിൽ സ്ഥിര ജീവനക്കാരായി പ്രവർത്തിച്ചവരും തുടരുന്നവരും**

| നം. | ഔദ്യോഗിക സ്ഥാനം | പേര് | പദവി | കാലഘട്ടം |
|---|---|---|---|---|
| 1 | അസി. പ്രൊഫസർ (പ്ലാന്റ് ബ്രീഡിംഗ്) | ഡോ. കെ. പി. കുര്യാക്കോസ് | അസി. പ്രൊഫസർ & ഹെഡ് | 02/01/1995 – 26/04/1999 |
| | | | അസ്സോ. പ്രൊഫസർ (& ഹെഡ് 28/10/2003 മുതൽ) | 28/02/2000 – 15/10/2009 |
| 2 | അസി. പ്രൊഫസർ (പ്ലാന്റ് ബ്രീഡിംഗ്) | ഡോ. ജെ. തോമസ് | അസ്സോ. പ്രൊഫസർ & ഹെഡ് | 27/04/1999 – 31/05/1999 |
| 3 | അസി. പ്രൊഫസർ (ഹോർട്ടികൾച്ചർ) | ഡോ. വി. എസ്. ദേവദാസ് | അസ്സോ. പ്രൊഫസർ & ഹെഡ് | 01/06/1999 – 27/10/2003 |
| 4 | അസിസ്റ്റന്റ് | വിജയൻ കെ. | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 09/06/2005 – 20/06/2006 |
| 5 | അസി. പ്രൊഫസർ (ഹോർട്ടികൾച്ചർ) | ഡോ. ആൻസി ജോസഫ് | അസ്സോ. പ്രൊഫസർ | 28/04/2005 – 09/06/2009 |
| 6 | അസിസ്റ്റന്റ് | ബാപ്പുകുട്ടി പി. കെ. | ഗ്രേഡ് I അസിസ്റ്റന്റ് | 21/06/2006 – 28/05/2008 |
| 7 | അസിസ്റ്റന്റ് | ആൻസി ജോർജ് | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 29/05/2008 – 31/05/2011 |
| 8 | അസി. പ്രൊഫസർ (പ്ലാന്റ് ബ്രീഡിംഗ്) | ഡോ. പി. പി. ജോയി | പ്രൊഫസർ & ഹെഡ് | 16/10/2009 – 28/02/2018 |
| 9 | അസിസ്റ്റന്റ് | ജസ്റ്റിൻ റ്റി. ജോസ് | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 01/06/2011 – 08/07/2014 |
| | | | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 19/06/2017 – തുടരുന്നു |
| 10 | അസിസ്റ്റന്റ് | ഐബി ഒ. എം. | അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | 09/07/2014 – 18/06/2017 |
| 11 | ലാബ്/ക്ലറിക്കൽ അസിസ്റ്റന്റ് | അബിൻസ് എസ്. സിദ്ധിക്ക് | ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III | 24/12/2014 – 15/06/2015 |



ഡോ. കെ. പി. കുര്യാക്കോസ്
02/01/1995 – 26/04/1999
28/10/2003 – 15/10/2009



ഡോ. ജെ. തോമസ്
27/04/1999 – 31/05/1999



ഡോ. വി. എസ്. ദേവദാസ്
01/06/1999 – 27/10/2003



ഡോ. പി. പി. ജോയി
16/10/2009 – 28/02/2018

1. **സ്റ്റേഷൻ മേധാവികൾ**

## നേട്ടങ്ങൾ

ഗവേഷണ കേന്ദ്രം പൈനാപ്പിൾ കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് ഗവേഷണവികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ സ്ഥാപനത്തിന്റെ നിരന്തര പരിവേഷണത്തിന്റെയും, ഗവേഷണത്തിന്റെയും ഫലമായി താഴെ പറയുന്ന നേട്ടങ്ങൾ കൈവരിച്ചു.

- ക്യൂ, മൗറീഷ്യസ് (വാഴക്കുളം പൈനാപ്പിൾ) ഇനങ്ങളുടെ വാണിജ്യ കൃഷിക്കുള്ള സാങ്കേതിക വിദ്യ ഗവേഷണം ചെയ്ത് കണ്ടുപിടിച്ച് കർഷകരിലേക്ക് എത്തിച്ചു
- റബറിന്റെയും, തെങ്ങിന്റെയും ഇടവിളയായി പൈനാപ്പിൾ കൃഷി നടത്തുമ്പോൾ അതിനുള്ള ഇടയകലം കൊടുക്കലിന്റെയും, സാന്ദ്രതയും, ജൈവവളപ്രയോഗങ്ങളെയും കുറിച്ച് പഠനം നടത്തി ശുപാർശയായി കർഷകർക്ക് നൽകി
- വാഴക്കുളം പൈനാപ്പിൾ ഭൂസൂചിക രജിസ്ടറിൽ ഉൾപ്പെടുത്തി ലോക കമ്പോളത്തിൽ സ്ഥാനം ഉറപ്പിച്ചു
- പൈനാപ്പിൾ (മൗറീഷ്യസ്, ക്യൂ, എം ഡി –2), പാഷൻ ഫ്രൂട്ട് (134പി, പർപ്പിൾ, മഞ്ഞ, കാവേരി, ആകാശവെള്ളരി) മുതലായ ഇനങ്ങളുടെ നടീൽ വസ്തുക്കൾ ഉൽപാദനം നടത്തി കർഷകർക്ക് വിപണനം ചെയ്തു.
- ഒരു ലക്ഷത്തിൽപരം എം ഡി–2 പൈനാപ്പിൾ തൈകളും, മുപ്പതിനായിരത്തിൽപരം പാഷൻഫ്രൂട്ട് തൈകളും, ഇരുപതിനായിരത്തിൽപരം വാഴ തൈകളും ഇവിടെ ഉൽപാദിപ്പിച്ച് വിപണനം ചെയ്തിട്ടുണ്ട്.
- വാഴക്കുളം പ്രദേശത്ത് പൈനാപ്പിളിൽ മീലി ബഗ് വാട്ടവുമായി ബന്ധപ്പെട്ട വൈറസ് പൈനാപ്പിൾ കൃഷിയെ ദോഷകരമായി ബാധിക്കുന്നതായി കണ്ടെത്തി. അതിന്റെ നിയന്ത്രണത്തിനായി മാർഗനിർദ്ദേശങ്ങൾ നൽകി
- 134 പി എന്ന പർപ്പിൾ പാഷൻ ഫ്രൂട്ടിനം വളർച്ചയിലും ഉല്പാദനത്തിലും ഗുണനിലവാരത്തിലും മികച്ചതായി കണ്ടുപിടിച്ച് കേരളത്തിന്റെ സമതല പ്രദേശങ്ങളിലേക്ക് ഒരു വാണിജ്യവിളയായി ശുപാർശ ചെയ്തു
- പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ ഉത്പാദനം, സൂക്ഷിപ്പ്, സംരക്ഷണം, സംസ്കരണം, മൂല്യ വൽകരണം, കയറ്റുമതി മുതലായവയ്ക്കുള്ള നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകി
- പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ ഗുണമേന്മ പരിശോധനയ്ക്കുള്ള കാര്യക്രമം നിശ്ചയിച്ച് റിപോർട്ടുകൾ നൽകി
- സൂക്ഷിപ്പുകാലം കൂടുതലുള്ളതും കാമ്പിനു തവിട്ടുനിറമാകാൻ സധ്യത കുറവുള്ളതുമായ എം ഡി–2 എന്ന യൂറോപ്യൻ പൈനാപ്പിൾ ഇനത്തിന് പ്രചാരം നൽകി
- വിവിധ പത്ര, മാസിക, ശ്രവണ, ദൃശ്യ മാധ്യമങ്ങളിലൂടെ സ്ഥാപനത്തിന്റെ ഗവേഷണ വികസന ഫലങ്ങളും നേട്ടങ്ങളും ജനങ്ങളിൽ എത്തിക്കുന്നു

- ഇന്റർനെറ്റിലൂടെ സ്ഥാപനത്തിന്റെ വിവരങ്ങൾ അറിയുവാനും ഡൗൺലോഡ് ചെയ്യുവാനും കേന്ദ്രത്തിന് സ്വന്തമായ വെബ്സൈറ്റ് നിലവിലുണ്ട്
- ഫോണിലൂടെ തൽസമയ പ്രശ്നപരിഹാരത്തിനായി പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് വാട്സാപ്പ് ഗ്രൂപ്പുകൾ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയിരിക്കുന്നു.

## വാഴക്കുളം പൈനാപ്പിൾ



വാഴക്കുളം പൈനാപ്പിൾ

ലോക പൈനാപ്പിൾ മാർക്കറ്റിൽ ഉന്നതനിലവാരം പുലർത്തുന്ന വാഴക്കുളം പൈനാപ്പിൾ ചെന്നൈയിലുള്ള ഭൂസൂചിക രജിസ്റ്ററിൽ കാർഷിക ഉദ്യാന തോട്ടവിള വിഭവങ്ങളുടെ കീഴിൽ 130–ാം നമ്പറായിട്ട് 2009 സെപ്റ്റംബർ 4–ാം തിയതി വച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. നടുക്കര അഗ്രോപ്രോസസിംഗ് കമ്പനി ലിമിറ്റഡും, കേരള കാർഷിക സർവകലാശാലയും, വാഴക്കുളം പൈനാപ്പിൾ ഫാർമേഴ്സ് അസോസിയേഷനും ചേർന്നാണ് ഈ ഭൂസൂചിക രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവരാണ് ഈ ഭൂസൂചികയുടെ രജിസ്ട്രേഡ് പ്രൊപ്രൈറ്റേഴ്സ്. ഏതെങ്കിലും ഉല്പന്നം ഒരു പ്രത്യേക സ്ഥല ഭൂപ്രദേശനാമത്തിൽ അതിന്റെ ഗുണമേന്മകൊണ്ട് അറിയപ്പെടുകയും വിപണനം നടത്തുകയും ചെയ്യുമ്പോൾ ലോകവ്യാപാര സംഘടനയുടെ മാനദണ്ഡമനുസരിച്ച് അവയുടെ ഉല്പാദകർക്ക് ബ്രാൻഡ് സംരക്ഷണം നല്കുന്ന സംവിധാനമാണ് ജോഗ്രഫിക്കൽ ഇൻഡിക്കേഷൻ (ഭൂസൂചിക) രജിസ്ട്രേഷൻ. ഈ പ്രത്യേക ഗുണമേന്മ ഉണ്ടാകുന്നത് അതാത് പ്രദേശത്തിന്റെ മണ്ണ്, കാലാവസ്ഥ, പാരമ്പര്യമായി കൈമാറി ലഭിച്ച അറിവ്, ഉല്പാദന മികവ് മുതലായവ കൊണ്ടാണ്. വാഴക്കുളം പൈനാപ്പിളിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഉല്പാദനമേഖലയായി അംഗീകരിച്ചിട്ടുള്ള എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംത്തിട്ട ജില്ലകളിലെ 116 പഞ്ചായത്തുകളിൽ നിന്നുള്ള പൈനാപ്പിൾ ഒരേ ഗുണമേന്മ പുലർത്തുന്നതായാണ് അറിയപ്പെടുന്നത്. തന്മൂലം, ഈ പ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന പൈനാപ്പിൾ വാഴക്കുളം പൈനാപ്പിൾ എന്ന ബ്രാൻഡിൽ സ്വന്തമായി ലോഗോയിൽ എവിടെയും വിപണനം നടത്താം. ഇത് വാഴക്കുളം പൈനാപ്പിളിന്റെ വിപണന സാധ്യതയും വിപണി മൂല്യവും വർദ്ധിപ്പിക്കും. പൈനാപ്പിൾ കൃഷിയും വിപണനവും കയറ്റുമതിയും ഏകോപിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ രൂപീകൃതമായ കേരള പൈനാപ്പിൾ മിഷന്റെ പ്രവർത്തനം ഊർജ്ജസ്വലമാകുന്നതോടു കൂടി വാഴക്കുളം പൈനാപ്പിളിന് ഒരു സുവർണ്ണകാലം നമുക്ക് പ്രതീക്ഷിക്കാം.

ബ്രൊമേലിയേസിയെ കുടുംബത്തിൽപ്പെട്ട 'അനാനസ് കോമോസസ്' എന്ന ശാസ്ത്രനാമമുള്ള മൗറീഷ്യസ് പൈനാപ്പിൾ കന്നാര എന്ന ഇതരനാമത്തിലും അറിയപ്പെടുന്നു. ഈ ചെടി 85 സെന്റിമീറ്റർ മുതൽ 90 വരെ ഉയരത്തിൽ വളരുന്നു. ഇവയുടെ ഇലകളിൽ മുള്ളുണ്ട്. നട്ട് 12–13 മാസത്തിനകം വിളവെടുക്കാം. ചക്കയുടെ ഭാരം 1.2 മുതൽ 1.4 കിലോഗ്രാം വരെയാണ് സാധാരണയായി കണ്ടു വരുന്നത്. ചക്ക അല്പം കോണാകൃതിയിലുള്ളതും കണ്ണുകൾ ആഴമുള്ളതും ആണ്. പഴം സുവർണ്ണ മഞ്ഞ നിറമുള്ളതും, ഏറ്റവും രുചിയും മണവും ആരെയും ആകർഷിക്കുന്നതുമാണ്. പൈനാപ്പിൾ ജ്യൂസിന് 14 മുതൽ 16° ബ്രിക്സും 0.50% മുതൽ 0.7% വരെ അമ്ലത്വവുമുണ്ട്. വിദൂര സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നതിന് സഹായകമായി വിവിധ തരത്തിൽ പൈനാപ്പിൾ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന കേടുകളും നഷ്ടങ്ങളും വാഴക്കുളം പൈനാപ്പിളിനു കുറവാണ്.

## എം ഡി–2 പൈനാപ്പിൾ



എം ഡി–2

ഹാവായിൽ ഉരുത്തിരിച്ചെടുത്ത യൂറോപ്യൻ ഇനമാണ് എം ഡി–2. 12–13 മാസത്തിനുള്ളിൽ വിളവെടുക്കാം. ഇതിന്റെ നിറം, രുചി, ആകൃതി, സൂക്ഷിപ്പുകാലം, പഴുക്കുന്ന രീതി എന്നിവ കാരണം ആഗോള വിപണിയിൽ സ്ഥാനം പിടിച്ചിരിക്കുന്നു. ചക്കയുടെ ഭാരം 1.5–2.0 കിലോഗ്രാമും, ജ്യൂസിന് 17° ബ്രിക്സും, 0.4–0.45% വരെ അമ്ലത്വവുമുണ്ട്. സിലിൻഡ്രിക്കൽ ആകൃതി, ചെറിയ കൂഞ്ഞി, കാമ്പിന്റെ നിറം മാറുന്നതിനെ ചെറുക്കുന്ന, 30 ദിവസം വരെ സൂക്ഷിപ്പു കാലം കിട്ടുന്ന തുടങ്ങിയ പ്രത്യേകതകൾ ഇതിനുണ്ട്. എന്നാൽ ഇതിന് കാനികൾ കുറവും ചീയൽ രോഗം ഉണ്ടാകാനുള്ള സാധ്യത കൂടുതലുമാണ്. കയറ്റുമതിക്ക ഈ ഇനം കേരളത്തിന് ഒരു

മുതൽ കൂട്ടാകും. പേറ്റന്റ് ചെയ്യപ്പെടാത്ത ഇനം ആയതിനാൽ അവ കോസ്റ്ററിക്ക, ഘാന, ക്യൂബ, ഫ്രാൻസ് എന്നിവടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാവുന്നതാണ്. എം ഡി–2 ടിഷ്യൂകൾച്ചർ ചെയ്ത തൈകൾ ഇപ്പോൾ തന്നെ വൻ തോതിൽ ഇവിടെനിന്ന് വിറ്റഴിച്ചിട്ടുണ്ട്.

## അമൃത പൈനാപ്പിൾ


അമൃത

ക്യൂ, റിപ്ലി ക്യൂൻ ഇനങ്ങളുടെ സങ്കരമാണ് അമൃത. ഇത് കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ഇനമാണ്. 12–13 മാസത്തിനുള്ളിൽ വിളവെടുക്കാം. ചക്കയ്ക്ക് 1.5–2.0 കിലോഗ്രാം ഭാരവും മകുടം ചെറുതുമാണ്. ഇതിന്റെ ചക്ക പഴുത്ത് പൊട്ടാറില്ല. നാരുകൾ ഇല്ലാത്തതും, ഇളം മഞ്ഞ നിറമുള്ള മാംസള ഭാഗവുമുള്ള ഇവയ്ക്ക് നല്ല രുചിയും, ഉയർന്ന ടി എസ് എസും, അമ്ലത്വം കുറവുമാണ്. അമൃതയുടെ ഗവേഷണവും ഈ കേന്ദ്രത്തിൽ നടത്തുന്നുണ്ട്.

## 134പി പാഷൻ ഫ്രൂട്ട്


134പി പാഷൻ ഫ്രൂട്ട്

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ധനസഹായത്തോടെയുള്ള "കേരളത്തിലെ വാണിജ്യ കൃഷിക്ക് അനുയോജ്യമായ പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ വിലയിരുത്തൽ" എന്ന ശാസ്ത്ര ഗവേഷണ പദ്ധതിയുടെ ഫലമായി, സെവൻ മാലി എസ്റ്റേറ്റ്, ടാറ്റ ടീ ലിമിറ്റഡ്, മൂന്നാർ - 685612 -ൽ നിന്നു ശേഖരിച്ച 134പി എന്ന പർപ്പിൾ പാഷൻ ഫ്രൂട്ടിനം വളർച്ചയിലും ഉൽപ്പാദനത്തിലും ഗുണനിലവാരത്തിലും മികച്ചതായികാണുകയും കേരളത്തിന്റെ സമതല പ്രദേശങ്ങളിലേക്ക് ഒരു വാണിജ്യവിളയായി നിർദ്ദേശിക്കുകയും ചെയ്തു. 37–മത് മധ്യമേഖല ഇസഡ്. ആർ. ഇ. എ. സി. യുടെ നിർദ്ദേശാനുസരണം അതിന്റെ സംസ്ഥാനമൊട്ടാകെയുള്ള വിലയിരുത്തലിനും നടീൽ വസ്തുക്കളുടെ വാണിജ്യപരമായ ഉൽപ്പാദനത്തിനും വിതരണത്തിനുമായി കാർഷിക സർവ്വകലാശാലയുടെ എല്ലാ ഗവേഷണ കേന്ദ്രങ്ങളിലേക്കും 134പിയുടെ വേരുപിടിപ്പിച്ച തണ്ടുകളും തൈകളും നല്കി.

## പ്രവർത്തന രൂപരേഖ

1. രണ്ട് സ്ഥിര ജീവനക്കാരും കുറച്ച് താത്ക്കാലിക ജോലിക്കാരും ഇവിടെ പ്രവർത്തിക്കുന്നു
2. സസ്യ ജൈവ സാങ്കേതികവിധ്യ, സസ്യ രസതന്ത്രം, സസ്യ രോഗനിർണയം, ഭക്ഷ്യ സങ്കേതികവിദ്യ എന്നിവയുടെ ലാബുകൾ; അത്യാധുനിക ഉപകരണങ്ങളാൽ സജ്ജമാണിവ
3. പരീക്ഷണ പഠനത്തിനുള്ള കൃഷിഭൂമി പാട്ടത്തിനെടുത്തിട്ടുള്ളതാണ്
4. ശാസ്ത്ര സാങ്കേതിക വിദ്യയുടെ പല തലങ്ങളിലെ പഠനങ്ങളെ പ്രതിപാതിക്കുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളുമുള്ള ഗ്രന്ഥശാല
5. പ്രൊജക്ടർ സൗകര്യമുള്ള പരിശീലന ഹാൾ
6. ബിരുദ– ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടുകൾ ചെയ്യുവാനുള്ള സൗകര്യമുണ്ട്
7. ടിഷ്യൂകൾച്ചർ തൈകൾ– പൈനാപ്പിൾ (എം ഡി –2, ക്യൂ), വിത്തു തൈകൾ– പാഷൻഫ്രൂട്ട് (134പി, പർപ്പിൾ, മഞ്ഞ, കാവേരി), വേരുപിടിപ്പിച്ച തണ്ടുകൾ– 134പി, ആകാശവെള്ളരി ഇവിടെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു
8. ആത്മാർത്ഥതയുള്ള ജോലിക്കാർ, പരിമിതമായ ആന്തര ഘടന, മികച്ച ജോലി സംസ്കാരം

### *ഗവേഷണം*

ഈ ഗവേഷണ കേന്ദ്രം പൈനാപ്പിളിന്റെയും, കേരളത്തിലെ മറ്റു പഴവർഗ്ഗങ്ങളുടെയും പുരോഗതിക്കു വേണ്ടി അടിസ്ഥാനവും, പ്രായോഗികവുമായ പഠനങ്ങൾ നടത്തുന്നു. പ്രധാനമായും, പൈനാപ്പിൾ മേഖലയിലെ വിവിധ രംഗങ്ങളിലുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തി സംയുക്ത സാങ്കേതിക വികസന രീതിയിലാണ് ഈ പഠനങ്ങൾ നടപ്പിലാക്കുന്നത്. അതിനു വേണ്ട ധനസഹായം പ്രധാനമായും കേരള കാർഷിക സർവ്വകലാശാലയാണ് നൽകുന്നത്. ഇതര ഏജൻസികളായ ഐ.സി.എ.ആർ, എസ്.എച്ച്.എം, എൻ.എച്ച്.എം, കെ. എസ്. സി. എസ്. ടി. ഇ., കെ. പി. എം., കേന്ദ്ര–സംസ്ഥാന സർക്കാരുകൾ തുടങ്ങിയവയുടെ പദ്ധതികളും ഈ കേന്ദ്രത്തിൽ നടപ്പാക്കിയിട്ടുണ്ട്.

## പദ്ധതികൾ

### I. പൂർത്തീകരിച്ച പദ്ധതികൾ

പദ്ധതിയുടെ പേര്, നമ്പർ, കാലയളവ്, ഏജൻസി, മുടക്കുമുതൽ, ലക്ഷ്യം, ഫലം എന്നിവ ചുവടെ ചേർത്തിരിക്കുന്നു.

### 1. കേരള കാർഷിക സർവകലാശാല പദ്ധതികൾ

**1.1 പേര്:** ജൈവ ജീവാണു വളങ്ങൾക്ക് മൗറീഷ്യസ് പൈനാപ്പിളിന്റെ വിളവിലും ഗുണവർദ്ധനവിലുമുള്ള വിലയിരുത്തൽ; **എഫ് ആർ സി കോഡ്:** എഫ് ആർ –09–00–04–2001/വി ഇസഡ് കെ (10) കെ എ യു; **കാലയളവ്:** 2000-2003; **ഏജൻസി:** കേരള കാർഷിക സർവ്വകലാശാല; **ലക്ഷ്യം:** വിവിധ ജൈവ ജീവാണു വളങ്ങൾ മൗറീഷ്യസ് പൈനാപ്പിളിന്റെ വിളവിലും ഗുണവർദ്ധനവിലും വരുത്തുന്ന മാറ്റങ്ങൾ താരതമ്യം ചെയ്യുക; **ഫലം:** എൻ പി കെ 8:4:8 ഗ്രാം/ചെടിക്ക് + ചാണകം 25 ടൺ/ഹെക്ടറിന് + അസോസ്പൈറില്ലം 2.5 കിലോഗ്രാം/ഹെക്ടറിന് + ഫോസ്ഫൊബാക്റ്റർ 2.5 കിലോഗ്രാം/ഹെക്ടറിന് എന്ന ജൈവ ജീവാണു വളങ്ങളുടെ മിശ്രം ഏറ്റവും കൂടുതൽ വിളവ് നൽകി.

#### 1.2 അത്യുത്പാദനശേഷിയും ഗുണമേന്മയുമുള്ള പൈനാപ്പിൾ പ്രജനനപദ്ധതി

**1.2.1 പേര്:** സങ്കരണത്തിലുടെയും, കൃത്രിമ വ്യതിയാനത്തിലൂടെയുമുള്ള മൗറീഷ്യസ് പൈനാപ്പിളിന്റെ മെച്ചപ്പെടുത്തൽ; **കാലയളവ്:** 1995- ; **ഫയൽ നമ്പർ:** R8/70507/03; **ഏജൻസി:** കേരള കാർഷിക സർവ്വകലാശാല; **ലക്ഷ്യം:** കർഷകർക്ക സ്വീകാര്യമായതും ഉല്പാദന മേഖലയ്ക്ക് അനുയോജ്യമായതുമയ നല്ല വിളവു നല്കുന്നതും, പെട്ടെന്ന കുലയ്ക്കുന്നതുമായ ഒരു പൈനാപ്പിൾ ഇനം ഉല്പ്പാദിപ്പിക്കുക; **ഫലം:** ഒരു കിലോഗ്രാമിനെക്കാൾ ഭാരമുള്ള 14 സങ്കരയിനം പൈനാപ്പിളുകളെ തിരഞ്ഞെടുത്തു. അവയെ നടീൽ വസ്തുക്കളുടെ ലഭ്യതയ്ക്കായി വീണ്ടും നട്ടു.

**1.2.2 പേര്:** മൗറീഷ്യസ് പൈനാപ്പിളിന്റെ ക്ലോണുകളിലുള്ള വ്യതിയാനങ്ങൾ; **ഏജൻസി:** കേരള കാർഷിക സർവ്വകലാശാല; **ലക്ഷ്യം:** ലഭ്യമായ ക്ലോണുകളുടെ വ്യതിയാനത്തെ ഉപയോഗിച്ചു കൊണ്ട് മികച്ച ക്ലോണുകളെ ഉരുത്തിരിച്ചെടുക്കുക; **ഫലം:** അനുയോജ്യമായ ഒരു ക്ലോൺ വികസിപ്പിച്ചെടുക്കുകയും കൃഷിസ്ഥല പരീക്ഷണത്തിനായി പരിഗണിക്കുകയും ചെയ്തു.

**1.3 പേര്:** സംയോജിത സങ്കേതിക വികസനരീതിയിലൂടെ മധ്യകേരളത്തിന് യോജിച്ച മേന്മയേറിയ പൈനാപ്പിൾ ഉരുത്തിരിക്കുവാനുള്ള പദ്ധതി; **ഫയൽ നമ്പർ:** ആർ 8/62636/2010; **കാലയളവ്:** 2011- 2012; **ഏജൻസി:** കേരള കാർഷിക സർവ്വകലാശാല; **മുടക്കുമുതൽ:** ₹9,40,000/-; **ലക്ഷ്യം:** മധ്യകേരളത്തിന് യോജിച്ച മേന്മയേറിയ പൈനാപ്പിൾ ഉരുത്തിരിക്കുക **ഫലം:** പൈനാപ്പിളിലെ മൊത്തമുള്ള വിളവിനെ അടിസ്ഥാനമാക്കി മൗറീഷ്യസ് (120 ടൺ/ഹെക്ടറിന് 3 വർഷം) ഏറ്റവും മികച്ചതായി കണ്ടു. ടി- 3 (89 ടൺ/ഹെക്ടറിന് 3 വർഷം), എം ഡി–2 (59 ടൺ/ഹെക്ടറിന് 3 വർഷം) എന്നിവ അതിന്റെ തൊട്ടുപിന്നാലെയുള്ള മികച്ചയിനങ്ങളായി കണ്ടു.

**1.4 പേര്:** കെ എ യു സംസ്ഥാന പദ്ധതി 2013–2014: ഗവേഷണത്തിനും അടിസ്ഥാന സൗകര്യങ്ങൾക്കും കേന്ദ്രത്തിനു അനുവദിച്ച ധനസഹായ പദ്ധതി; **ഫയൽ നമ്പർ:** ഇ പി/ബി1/30896/13 തിയതി 23/05/2014; **കാലയളവ്:** 2014-2015; **ഏജൻസി:** കേരള കാർഷിക സർവ്വകലാശാല; **ലക്ഷ്യം:** വിവിധ തരം പൈനാപ്പിൾ ഇനങ്ങളുടെ വൻ തോതിലുള്ള ഉൽപ്പാദനവും, വിതരണവും; കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം; **ഫലം:** പൈനാപ്പിൾ ഇനങ്ങളുടെ വൻ തോതിലുള്ള ഉൽപ്പാദനവും വിതരണവും കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം. വിസ്കൊമീറ്റർ, പെനിട്രൊമീറ്റർ, ഹോമൊജനൈസർ, ഓട്ടോക്ലേവ്, പ്രിസിഷൻ ബാലൻസ്, അനലിറ്റിക്കൽ ബാലൻസ്, മൈക്രൊപിപ്പറ്റുകൾ, എയർ കർട്ടൻ, ഗവേഷണ വസ്തുക്കൾ, കൊടി മരം, പ്രദർശന സംവിധാനം, കമ്പ്യൂട്ടർ ഉപകരണങ്ങൾ, ഫ്രിഡ്ജ്, യു പി എസ് 4 കെ വി എ (kVA) എന്നിവ വാങ്ങിച്ചു. കേന്ദ്രത്തിന്റെ അറ്റകുറ്റ പണികളും ഉപകരണങ്ങളുടെ നന്നാക്കലും നടത്തി.

## 2. ഇതര പദ്ധതികൾ

**2.1 പേര്:** തെങ്ങ്–റബ്ബർ തോട്ടങ്ങളിൽ ഇടവിളയായിട്ടുള്ള മൗറീഷ്യസ് പൈനാപ്പിളിന്റെ സാന്ദ്രത പഠനം; **എഫ് ആർ സി കോഡ്:** എഫ് എഫ്/15–00–06–95/വി എസഡ് എം (15) കെ എച് ഡി പി; **കാലയളവ്:** 1995-1998; **ഏജൻസി:** കേരള ഹോർട്ടികൾച്ചറൽ വികസന പരിപാടി; **മുടക്കുമുതൽ:** ₹2,46,000/-; **ലക്ഷ്യം:** തെങ്ങ്–റബ്ബർ തോട്ടങ്ങളിൽ ഇടവിളയായിട്ടുള്ള മൗറീഷ്യസ് പൈനാപ്പിൾ നടുമ്പോൾ പാലിക്കേണ്ട നിശ്ചിത അകലം കണ്ടെത്തുക; **ഫലം:** ചെടിയുടെ സാന്ദ്രത (8,000–15,0000 റബർ തോട്ടങ്ങളിലും, 15,000–30,000 തെങ്ങിൻ തോപ്പുകളിലും) ചക്കയുടെ ഭാരത്തെ ബാധിക്കുന്നതായി കാണപ്പെട്ടില്ല. എന്നാൽ, ഏറ്റവും കൂടുതൽ വിളവ് ഉയർന്ന സാന്ദ്രതയിൽ ലഭിച്ചു.

**2.2 പേര്:** പൈനാപ്പിളിലെ ചീയൽ രോഗത്തിന് എതിരെയുള്ള സമർത്ഥ് (ഹെക്സാകൊണാസോൾ 2% എസ് സി) കുമിൾ നാശിനിയുടെ വിശകലനം; **ഫയൽ നമ്പർ:** ഇ പി/എ1/6881/09; **കാലയളവ്:** 01.07.2010 - 31.03.2011; **ഏജൻസി:** റാലിസ് ഇൻഡ്യ ലിമിറ്റഡ്, ബങ്ഗളൂരു; **മുടക്കുമുതൽ:** ₹1,65,450; **ലക്ഷ്യം:** പൈനാപ്പിളിലെ ചീയൽ രോഗത്തിനും മറ്റു രോഗങ്ങൾക്കുമെതിരെ സമർത്ഥിന്റെ (ഹെക്സാകൊണാസോൾ 2% എസ് സി) ജീവകാര്യക്ഷമത വിശകലനം ചെയ്യുക; **ഫലം:** 2010–11 വിളവെടുപ്പുക്കാലത്ത് പൈനാപ്പിളിലെ ചീയൽ രോഗത്തെയും മറ്റു രോഗങ്ങളെയും സമർത്ഥ് ഫലപ്രദമായി നിയന്ത്രിച്ചു. 0.5% ഹെക്സാകൊണാസോളാണ് രോഗനിയന്ത്രണത്തിന് ഏറ്റവും പ്രയോഗക്ഷമമായത്. ഈ അളവിലുള്ള പ്രയോഗം ചെടിയുടെ പൊക്കത്തെയും, ഇലയുടെ നീളത്തെയും വളർച്ചയുടെ ആദ്യഘട്ടത്തിൽ സാരമായി ബാധിക്കുകയും പിന്നീടത് സാധാരണഗതിയിലാവുകയും ചെയ്തു. ഏറ്റവും സുരക്ഷിതവും കാര്യക്ഷമവുമായ രോഗനിയന്ത്രണ അളവ് ഹെക്സാകൊണാസോളിന്റെ 0.4% ആണ്.

**2.3 പേര്:** ഇടവിളകൃഷിക്ക് അനുയോജ്യവും മികച്ച അത്യുത്പ്പാദനശേഷിയും ഗുണമേന്മയോടുകൂടിയതുമായ സങ്കരയിനം പൈനാപ്പിളുകളുടെ വിലയിരുത്തൽ; **ഫയൽ നമ്പർ:** ഇ പി/എ3/44778/2001; **കാലയളവ്:** 01.01.2002-31.12.2004; **ഏജൻസി:** ഭാരതീയ കാർഷിക ഗവേഷണ സമിതി; **മുടക്കുമുതൽ:** ₹2,86,423; **ലക്ഷ്യം:** ഇടവിളകൃഷിക്ക് അനുയോജ്യവും മികച്ച അത്യുത്പ്പാദനശേഷിയും ഗുണമേന്മയോടുകൂടിയതുമായ സങ്കരയിനം പൈനാപ്പിളിനെ ഉരുത്തിരിച്ചെടുക്കുക **ഫലം:** 5,000 ഓളം വരുന്ന സങ്കര ഇനങ്ങളിൽ 2,700 എണ്ണത്തിന്റെ വിളവെടുപ്പ് നടന്നു. അവയുടെ വിളവും ഗുണവും വിലയിരുത്തി. എല്ലാ ഗുണങ്ങളിലും വളരെയധികം വ്യതിയാനങ്ങൾ കണ്ടെത്തി. ഒട്ടുമിക്ക സവിശേഷതകളും കാലികാടിസ്ഥാനത്തിൽ മാറി വന്നു. തന്മൂലം അനുയോജ്യമായ സങ്കരയിനങ്ങൾ തുടർ വർഷങ്ങളിൽ ആവർത്തന പഠനം നടത്തിയാലേ വിലയിരുത്താൻ സാധിക്കൂ. അതിനുവേണ്ടി രണ്ടു കാനികൾ വീതം നട്ട് തുടർ പഠനം നടത്തേണ്ടിയിരിക്കുന്നു. സങ്കരയിനമാണ് മൂല ചെടിയെക്കാൾ ഗുണ്മേന്മയുള്ളതെന്ന് പരീക്ഷണസ്ഥലത്തെ വർദ്ധിപ്പിക്കലിന്റെയും ആവർത്തന നടീലിന്റെയും ശരാശരിയുടെ അടിസ്ഥാനത്തിൽ കണ്ടെത്തി.

**2.4 പേര്:** കേരള കാർഷിക സർവ്വകലാശാല, ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡ് – കാലി+സാൽസ് (ജർമനി) സഹകരണപദ്ധതി: കേരളത്തിലെ പ്രധാന പൈനാപ്പിൾ കൃഷിസ്ഥലങ്ങളിൽ പൈനാപ്പിളിന്റെ ഉത്പാദനശേഷിയും, ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിൽ ക്ഷാര വളങ്ങളുടെ പങ്കിനെപറ്റിയുള്ള പഠനം; **ഫയൽ നമ്പർ:** ഇ പി/എ1/39320/01; **കാലയളവ്:** 01.11.2001-31.05.2005; **ഏജൻസി:** കേരള കാർഷിക സർവ്വകലാശാല, ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡ് – കാലി+സാൽസ് (ജർമനി); **മുടക്കുമുതൽ:** ₹4,35,270/-; **ലക്ഷ്യം:** മൗറീഷ്യസ് ഇനം പൈനാപ്പിളിൽ പൊട്ടാസ്യത്തിന്റെ അളവ് കൂടുംതോറും ഉത്പാദനത്തിലും ഗുണമേന്മയിലും ഉണ്ടാകുന്ന പ്രതികരണം; പൈനാപ്പിളിന്റെ ഗുണത്തിലും വിളവിലും രണ്ട് തരം പൊട്ടാസിയങ്ങളുടെ (എം ഒ പി, എസ് ഒ പി) സ്വാധീനത്തെപറ്റിയുള്ള പഠനം; സന്തുലിത പോഷകങ്ങളായ പൊട്ടസ്യം, സൾഫർ, മഗ്നീഷ്യം എന്നിവ പൈനാപ്പിളിന്റെ വളർച്ചയിലും ഗുണ്മേന്മയിലുമുള്ള പ്രഭാവം; **ഫലം:** പൊട്ടാസ്യത്തിന്റെ അളവ് കൂട്ടുന്തോറും പൈനാപ്പിളിലെ വിളവ് ഗണ്യമായി വർദ്ധിച്ചുവന്നു. പൊട്ടാസ്യം എസ് ഒ പി എന്ന രൂപത്തിൽ (24 ഗ്രാം എസ് ഒ പി/ ചെടിക്ക്/ വർഷത്തിൽ) കൊടുത്തപ്പോളാണ് ഏറ്റവും മികച്ച ഉത്പാദനം നൽകിയത്.

**2.4 പേര്:** നടുക്കര കാർഷിക സംസ്കരണ കമ്പനി - കേരള കാർഷിക സർവ്വകലാശാല പാഷൻ ഫ്രൂട്ട് സഹകരണ ഗവേഷണ പദ്ധതി, കേരളത്തിലെ താഴ്ന്ന പ്രദേശങ്ങൾക്ക് അനുയോജ്യമായ പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ ശേഖരണവും വിലയിരുത്തലും; **ഫയൽ നമ്പർ:** ബി ജി/എ1/31889/03; **കാലയളവ്:** 01.04.2003-31.03.2009; **ഏജൻസി:** നടുക്കര കാർഷിക സംസ്കരണ കമ്പനി - കേരള കാർഷിക സർവ്വകലാശാല; **മുടക്കുമുതൽ:** ₹1,60,000/- + ₹40,000/-; **ലക്ഷ്യം:** താഴ്ന്ന പ്രദേശങ്ങൾക്ക് അനുയോജ്യമായ മികച്ചയിനം പാഷൻ ഫ്രൂട്ട് കണ്ടുപിടിക്കുക **ഫലം:** 135 ൽ പരം ഇനങ്ങൾ നട്ട് അവയുടെ വിളവും ഗുണനിലവാരവും ആദ്യവർഷം പഠിച്ചു. രണ്ടാം വർഷം, 2 മഞ്ഞയും 1 പർപ്പിൾ ഇനവും മെച്ചമുള്ളതായി കണ്ടു. വിശദമായ പഠനത്തിന് അവ കൂടുതലായി നട്ടു. ഈ പദ്ധതിയിലൂടെ നെല്ലിയാമ്പതിയിലെ പഴ - പച്ചക്കറി ഫാമിൽ നിന്ന് ലഭിച്ച ഒരു മഞ്ഞ ഇനം മെച്ചമുള്ളതായി കണ്ടു. ഉയർന്ന ഗുണനിലവാരമുള്ള ആ ഇനം കർഷകരിലേക്ക് എത്തിച്ചു.

**2.5 സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ**

**2.5.1 പേര്:** പൈനാപ്പിളിന്റെയും മറ്റു ഉഷ്ണമേഖല പഴവർഗ്ഗങ്ങളുടെയും തൈകൾക്കായി ടിഷ്യൂ കൾച്ചർ പരീക്ഷണശാല വിപുലീകരണം; **ഫയൽ നമ്പർ:** ഇ പി/എ 1/8056/06; **കാലയളവ്:** 07/03/2006-31/03/2007; **ഏജൻസി:** സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ; **മുടക്കുമുതൽ:** ₹8 ലക്ഷം; **ലക്ഷ്യം:** ടിഷ്യൂ കൾച്ചർ വഴി പൈനാപ്പിളിന്റെയും മറ്റു ഉഷ്ണമേഖല പഴവർഗ്ഗങ്ങളുടെയും തൈകൾ ഉൽപാദിപ്പിക്കുക; **ഫലം:** ടിഷ്യൂ കൾച്ചർ പരീക്ഷണശാലയിലേക്ക കൂടുതൽ ഉപകരണങ്ങളും മറ്റു അവശ്യവസ്തുക്കളും വാങ്ങിച്ചു. ഹരിത ഭവനവും ഈർപ്പമുറിയും ഉണ്ടാക്കി, പ്രവർത്തന സ്ഥലം വിപുലീകരിച്ചു.

**2.5.2 പേര്:** ഗുണമേന്മയേറിയ വൈവിധ്യമാർന്ന പൈനാപ്പിൾ തൈകൾ ഉൽപാദിപ്പിക്കുന്നതിനായി ഒരു ചെറിയ നേഴ്സറി; **ഫയൽ നമ്പർ:** ഇ പി/ എ3/11633/07; **കാലയളവ്:** 2/4/2007-31/03/2008; **ഏജൻസി:** സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ; **മുടക്കുമുതൽ:** ₹3 ലക്ഷം; **ലക്ഷ്യം:** ഗുണമേന്മയേറിയ വൈവിധ്യമാർന്ന പൈനാപ്പിൾ തൈകൾ ഉല്പാദിപ്പിക്കുക; **ഫലം:** ചെടികൾക്കായി ഷെഡ് നിർമ്മിക്കുകയും, സ്റ്റാന്റുകൾ വാങ്ങിക്കുകയും, ടിഷ്യൂ കൾച്ചർ പൈനാപ്പിൾ തൈകൾ ഉൽപാദിപ്പിക്കുകയും ചെയ്തു. പദ്ധതിയുടെ ഫലമായി ഒരു ലക്ഷത്തിൽപരം എം ഡി–2 പൈനാപ്പിൾ തൈകളും, മുപ്പതിനായിരത്തിൽപരം പാഷൻ ഫ്രൂട്ട് തൈകളും, ഇരുപതിനായിരത്തിൽപരം വാഴ തൈകളും ഇവിടെ ഉൽപാദിപ്പിച്ച് വിപണനം ചെയ്തിട്ടുണ്ട്.

**2.5.3 പേര്:** വാഴക്കുളത്തു സസ്യ ആരോഗ്യ കേന്ദ്രം ഉണ്ടാക്കുക; **ഫയൽ നമ്പർ:** ഇ പി/എ3/26044/07; **കാലയളവ്:** 18/08/2007-31/03/2009; **ഏജൻസി:** സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ; **മുടക്കുമുതൽ:** ₹14.76 ലക്ഷം; **ലക്ഷ്യം:** കൃത്യസമയത്തു കീടങ്ങൾ, രോഗങ്ങൾ, പോഷണം, മറ്റു പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചു കർഷകർക്ക ആവശ്യമായ അവബോധം നല്കുക; **ഫലം:** ഇതിന്റെ ഫലമായി പരീക്ഷണശാലകളെ തിരിക്കുകയും, പുതിയ ഉപകരണങ്ങൾ വാങ്ങിക്കുകയും, അവ സ്ഥാപിക്കാൻ സൗകര്യങ്ങൾ ഉണ്ടാക്കുകയും, രോഗങ്ങളെയും കീടങ്ങളെയും കണ്ടുപിടിക്കുകയും, മണ്ണിലുള്ള പോഷകങ്ങളെ നിർണ്ണയിക്കുകയും ചെയ്തു

**2.5.4 പേര്:** പൈനാപ്പിളിന്റെ കീട– രോഗ സാധ്യത പ്രവചന കേന്ദ്രം ഉണ്ടാക്കുക; **ഫയൽ നമ്പർ:** ഇ പി/എ 3/11520/07; **കാലയളവ്:** 24/3/2007-31/03/2009; **ഏജൻസി:** സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ; **മുടക്കുമുതൽ:** ₹2.89 ലക്ഷം; **ലക്ഷ്യം:** പൈനാപ്പിളിനെ ബാധിക്കുന്ന കീടങ്ങളെയും രോഗങ്ങളെയും കൃത്യസമയത്തു കണ്ടുപിടിക്കുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുക; **ഫലം:** പരിശീലനത്തിനും, പരീക്ഷണശാലയിലേക്കും വേണ്ടുന്നതായ ഉപകരണങ്ങൾ വാങ്ങുകയും, കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കീട–രോഗങ്ങള കണ്ടെത്തുകയും അവയെ നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നല്കുകയും പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കീട–രോഗങ്ങളെക്കുറിച്ചു വിവരശേഖരണം നടത്തുകയും ലഘു ലേഖകൾ ഉണ്ടാക്കുകയും ചെയ്തു. പി എച് മീറ്റർ, ഫ്ളയിം ഫോട്ടോമീറ്റർ, യു.വി. വിസ് സ്പെക്ട്രോ ഫോട്ടോമീറ്റർ, അതികൃത്യതാ തുലാസുകൾ, ഓവനുകൾ, ലാമിനാർ എയർ ഫ്ളോ ചേമ്പറുകൾ,

എലൈസ റീഡർ & വാഷർ, സെന്റ്രിഫ്യൂജ്, ഡീപ് ഫ്രീസർ, ബി.ഓ.ഡി. ഇൻക്യൂബേറ്റർ, ഇളക്കുന്ന യന്ത്രം, മൈക്രോസ്കോപുകൾ എന്നീ ഉപകരണങ്ങളാണ് വാങ്ങിയത്.

**2.6 പേര്:** കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ-ശാസ്ത്ര ഗവേഷണ പദ്ധതി: കേരളത്തിലെ വാണിജ്യ കൃഷിക്ക് അനുയോജ്യമായ പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ വിലയിരുത്തൽ; **ഫയൽ നമ്പർ:** ഇ പി/എ1/4077/12; **കാലയളവ്:** 03.03.2012-02.03.2015; **ഏജൻസി:** കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ; **മുടക്കുമുതൽ:** ₹13,03,389/-; **ലക്ഷ്യം:** കേരളത്തിലെ വാണിജ്യകൃഷിയ്ക്ക് അനുയോജ്യമായ, ഗുണമേന്മയുള്ള, മികച്ച പാഷൻ ഫ്രൂട്ട് ഇനം കണ്ടുപിടിക്കുക. പാഷൻ ഫ്രൂട്ട് കൃഷി കൊണ്ട് കർഷകർക്ക് നേട്ടമുണ്ടാക്കാനും, തൊഴിൽ സാധ്യതയുണ്ടാക്കാനും, ഉയർന്ന വരുമാനം ലഭിക്കുവാനും, അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിക്കുക.; **ഫലം:** പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ ശേഖരിച്ച 150 ഇനങ്ങളിൽ മികച്ച 14 എണ്ണമാണ് ഈ പദ്ധതിയിൽ താരതമ്യപഠനം നടത്തി വിലയിരുത്തിയത്. ഇതിന്റെ ഫലമായി, സെവൻ മാലി എസ്റ്റേറ്റ്, ടാറ്റ ടീ ലിമിറ്റഡ്, മൂന്നാർ - 685612 -ൽ നിന്ന് ശേഖരിച്ച 134പി എന്ന പർപ്പിൾ പാഷൻ ഫ്രൂട്ടിനം വളർച്ചയിലും ഉൽപ്പാദനത്തിലും ഗുണനിലവാരത്തിലും മികച്ചതായി കാണുകയും കേരളത്തിന്റെ സമതല പ്രദേശങ്ങളിലേക്ക് ഒരു വാണിജ്യവിളയായി ശുപാർശിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട 134പി ഇനം പാഷൻ ഫ്രൂട്ടിന് അത്യധികം ഉത്പാദനക്ഷമതയും ഉയർന്ന ജ്യൂസ്സുത്പ്പാദനവുമുള്ളതായി കണ്ടെത്തി. ഇത്തരത്തിലുള്ള ഒരു പഴത്തിന് ശരാശരി 104.54 ഗ്രാം ഭാരവും 33.54% ജ്യൂസും; വർഷത്തിൽ 24.92 പഴങ്ങൾ/ചെടിക്ക്, 2.52 കി. ഗ്രാം./ ചെടിക്ക്, 937 കി. ഗ്രാം./ഹെക്ടറിന് എന്നിവ കണക്കാക്കപ്പെട്ടു. ഇതിന്റെ വാണിജ്യപരമായ ഉൽപാദനവും നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും നിർദ്ദേശിക്കപ്പെട്ടു. പുതിയ ഇനം ജനകീയമാക്കുകയും പാക്കേജ് ഓഫ് പ്രാക്ടീസസും സംസ്കരണ സാങ്കേതിക വിദ്യയും ശുപാർശ ചെയ്തും സംഘടിതവിപണനം നടത്തിയും പാഷൻ ഫ്രൂട്ടിന്റെ ഉൽപാദനവും ഉപയോഗവും വർദ്ധിപ്പിച്ച് ഭക്ഷ്യ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്താം.

**2.7 പേര്:** കെ. പി. എം. : സുരക്ഷിതവും സുസ്ഥിരവുമായ പൈനാപ്പിൾ ഉത്പാദനത്തിന് ജൈവ – രാസ പോഷകങ്ങളുടെ പങ്ക്; **ഫയൽ നമ്പർ:** ഇ പി/ബി3/5256/15; **കാലയളവ്:** 01.06.2015-31.05.2016; **ഏജൻസി:** കേരള പൈനാപ്പിൾ മിഷൻ; **മുടക്കുമുതൽ:** ₹7,00,000/-; **ലക്ഷ്യം:** സുരക്ഷിതവും സുസ്ഥിരവുമായ പൈനാപ്പിൾ ഇനങ്ങളുടെ ഉത്പാദനത്തിന് ജൈവ – രാസ പോഷകങ്ങളുടെ പങ്കിന്റെ വിലയിരുത്തൽ.; **ഫലം:** ഇനങ്ങളുടെയും, പോഷക ക്രമീകരണത്തിന്റെയും പങ്ക് പൈനാപ്പിൾ കൃഷിയിൽ പ്രധാന്യമുള്ളതാണ്. മൗറീഷ്യസ് ഇനം പൈനാപ്പിൾ രാസ പോഷകങ്ങളോട് നന്നായി പ്രതികരിക്കുകയും ഏറ്റവും ലാഭകരമെന്ന് തെളിയിക്കുകയും ചെയ്തു. ജൈവ വളപ്രയോഗം നടത്തിയ മൗറീഷ്യസ് ഇനത്തിന് ഏറ്റവും കൂടുതൽ വിളവ് (37.89 ടൺ/ഹെക്ടർ) ലഭിക്കുകയുണ്ടായി. ഇനങ്ങളുടെയും പോഷക ക്രമീകരണങ്ങളുടെയും പ്രധാന ഫലങ്ങൾ സാരവത്തായിരുന്നു; എന്നാൽ, അവ തമ്മിലുള്ള പരസ്പര പ്രവർത്തനം ഉണ്ടായിരുന്നില്ല. ആയതിനാൽ, വാഴക്കുളം പൈനാപ്പിൾ (മൗറീഷ്യസ്) കൃഷി ഏത് പോഷകരീതി സ്വീകരിച്ചാലും മികച്ച ഉത്പാദനം നൽകും. അതു തന്നെയാണ് കേരളത്തിൽ ഇന്ന് പൈനാപ്പിൾ കർഷകർ വാണിജ്യാടിസ്ഥാനത്തിൽ തുടർന്നു പോരുന്നത്. മാത്രമല്ല, കാനികൾ മൗറീഷ്യസിൽ കൂടുതൽ പൊട്ടി വരുന്നതിനാൽ കർഷകർ കൂടുതൽ അവ കൃഷി ചെയ്യാൻ താൽപര്യപ്പെടുന്നു. എം ഡി – 2 വിന് കാനികൾ കുറവാണ്. അതുപോലെ തന്നെ എം ഡി – 2 വിന് നല്ല മാർക്കറ്റ് ഇല്ല; മൗറീഷ്യസിന് നല്ല വിപണി ഉണ്ട് താനും. ശരാശരി ചക്കയുടെ ഭാരക്കുറവും ഒരു ചെടിയിലുള്ള ഇലകളുടെ എണ്ണക്കുറവും പോഷകങ്ങളുടെ അപര്യാപ്തതയെ ചൂണ്ടിക്കാണിക്കുന്നു. ഈ ഗവേഷണ ഫലം പാക്കേജ് ഓഫ് പ്രാക്ടീസസ് നിർദ്ദേശപ്രകാരമുള്ള പോഷകങ്ങളുടെ അളവുകൾ കൃഷി ശാസ്ത്രജ്ഞർ പുനക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ കൊടുക്കുന്നു.

## II. നിലവിലുള്ള പദ്ധതികൾ

**1. പേര്:** പൈനാപ്പിളിലുള്ള ഗവേഷണം; **ഫയൽ നമ്പർ:** ആർ 8/66091/04; **ലക്ഷ്യം:** പൈനാപ്പിളിലുള്ള കീടങ്ങളുടെയും രോഗങ്ങളുടെയും പര്യവേക്ഷണവും കർഷകർക്ക് വേണ്ടുന്നതായ കൃഷി സംബന്ധമായ സേവനങ്ങൾ നൽകുക; **പ്രവർത്തനം:** പൈനാപ്പിളിലുള്ള സമഗ്ര വികസനം, കർഷകർക്ക്

വേണ്ടുന്ന ശുപാർശകൾ നൽകുക, സംസ്കരണ സങ്കേതിക വിദ്യകൾ പരീക്ഷിക്കുക, ടിഷ്യൂകൾച്ചർ തൈകൾ ഉത്പാതിപ്പിക്കുക, പൈനാപ്പിളിന്റെ ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയുടെ വ്യാപനത്തിനായി സ്റ്റേഷൻ മുൻകൈ എടുത്തത് വിജ്ഞാന വ്യാപന രംഗത്ത് ഒരു പ്രധാന ചുവടുവെപ്പായിരുന്നു

**2. പേര്:** സങ്കരണത്തിലൂടെ ഉത്പാതനത്തിലും ഗുണമേന്മയിലും മെച്ചപ്പെട്ട പൈനാപ്പിൾ ഉരുത്തിരിക്കുക; **ഫയൽ നമ്പർ:** ആർ 8/70507/03; **ലക്ഷ്യം:** ഫ്രൂട്ടായിട്ടും സംസ്കരിച്ചും ഉപയോഗിക്കാൻ സാധിക്കുന്ന മികച്ച ഇനം പൈനാപ്പിൾ ഉരുത്തിരിക്കുക; **പ്രവർത്തനം:** വർഷങ്ങളായുള്ള ഗവേഷണത്തിന്റെ ഫലമായി 14 മികച്ച ഇനങ്ങൾ ഉരുത്തിരിച്ചു. അവയുടെ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**3. പേര്:** പാഷൻ ഫ്രൂട്ടിലുള്ള ഗവേഷണം; **ഫയൽ നമ്പർ:** ആർ 2/60024/12; **ലക്ഷ്യം:** പാഷൻ ഫ്രൂട്ട് കൃഷിക്ക് ആവശ്യമായ ശുപാർശകൾ നൽകി കൃഷി വികസിപിക്കുക; **പ്രവർത്തനം:** പൈനാപ്പിൾ റീസേർച്ച് സ്റ്റേഷനിൽ വിവിധ സ്ഥലങ്ങളിൽ നിന്ന് കൊണ്ടു വന്ന പാഷൻ ഫ്രൂട്ട് ഇനങ്ങൾ സംരക്ഷിച്ചു പോരുന്നു. പർപ്പിൾ, മഞ്ഞ എന്നിവയുടെ തൈകളുടേയും വേരുപിടിപ്പിച്ച തണ്ടുകളുടേയും ഉൽപാദനം തുടർന്ന് വരുന്നു. 37–മത് ഇസഡ്. ആർ. ഇ. എ. സി. നിർദ്ദേശാനുസരണം പാഷൻ ഫ്രൂട്ട് ഇനം 134പി വേരുപിടിപ്പിച്ചത് ഗവേഷണ സ്ഥാപനങ്ങൾക്കും കർഷകർക്കും പരീക്ഷണാടിസ്ഥാനത്തിൽ നൽകുകയുണ്ടായി. പാഷൻ ഫ്രൂട്ടിൽ കണ്ടു വരുന്ന വേരു ചീയൽ, വാട്ട രോഗം എന്നിവ ഫൈറ്റോഫ്തോറ, ഫ്യൂസേറിയം എന്നീ കുമിളുകൾ മൂലമാണുണ്ടാകുന്നതെന്ന് തിരിച്ചറിഞ്ഞു.

**4. പേര്:** സുരക്ഷിതവും സുസ്ഥിരവുമായ പൈനാപ്പിൾ ഉത്പാദനത്തിന് ജൈവ – രാസ പോഷകങ്ങളുടെ പങ്ക്; **ഫയൽ നമ്പർ:** ആർ 4/65231/13; **ലക്ഷ്യം:** മൗറീഷ്യസ്, എം ഡി-2, അമൃത എന്നീ ഇനങ്ങളുടെ ജൈവ–രാസ– പോഷക മൂലകങ്ങളോടുള്ള പ്രതീകരണം **പ്രവർത്തനം:** കേരള പൈനാപ്പിൾ മിഷന്റെ ഗവേഷണ പദ്ധതി ആദ്യ വർഷത്തിന് ശേഷം സാമ്പത്തിക സഹായം ലഭിക്കാത്തതിനാൽ നിർത്തലാക്കി. തുടർന്ന് കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ മുന്നോട്ട് കൊണ്ടുപോകുന്നു. മൗറീഷ്യസ്, എം ഡി-2, അമൃത എന്നീ ഇനങ്ങളുടെ ജൈവ–രാസ– പോഷക മൂലകങ്ങളോടുള്ള പ്രതീകരണം 3 വർഷ കാലയളവിലായി പഠിച്ചു കൊണ്ടിരിക്കുന്നു. പദ്ധതിയുടെ രണ്ടാം വർഷം ജൈവ–രാസ– പോഷകങ്ങൾ രണ്ടു മാസ ഇടവേളയിൽ കൃതമായ അളവിൽ കൊടുക്കുന്നു. വിവിധ ഇനങ്ങളും പോഷക രീതികളും ചെടിയുടെ വളർച്ചയേയും വിളവിനേയും ബാധിക്കുന്നത് പഠിക്കുന്നു.

**5. പേര്:** വിത്തുൽപ്പാദന കേന്ദ്രത്തിനുള്ള പദ്ധതി ശൃംഖല– നടീൽ വസ്തുക്കളുടെ ഉത്പ്പാദനം; **ഫയൽ നമ്പർ:** ആർ 8/65991/13; **ലക്ഷ്യം:** പുതിയ തൈകൾക്ക് വേണ്ടുന്നതായ കൃഷിസ്ഥല വികസനം; പുതിയ ഇനങ്ങളുടെ നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിച്ച് അത് കർഷകർക്ക് വിതരണം ചെയ്യുക; **പ്രവർത്തനം:** പൈനാപ്പിൾ, വാഴ, പാഷൻഫ്രൂട്ട് നടീൽ വസ്തുക്കളുടെ ലഭ്യത ഇരട്ടിപ്പിച്ച് ഇന്ത്യയിലുടനീളമുള്ള കർഷകർക്ക് മിതമായ നിരക്കിൽ അവ വിതരണം ചെയ്യുന്നു.

**6. പേര്:** വാർഷിക പ്ലാൻ 2016–17: കേരളത്തിലെ പൈനാപ്പിൾ മേഖലയുടെ സമഗ്ര വികസനത്തിൽ സാങ്കേതിക വിദ്യയുടെ ഇടപെടൽ; **ഫയൽ നമ്പർ:** ആർ 8/65516/13; **ലക്ഷ്യം:** സമഗ്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ പൈനാപ്പിളിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക; **പ്രവർത്തനം:** കർഷകർക്കും യുവ വ്യവസായ സംരഭകർക്കും വേണ്ടതായ മാർഗനിർദ്ദേശങ്ങൾ നല്കുന്നു. ചർച്ചകൾ, പരിശീലന പരിപാടികൾ, കൈ പുസ്തകങ്ങൾ, പത്ര മാധ്യമങ്ങൾ, മാസികകൾ മുതാലായവ വഴി വിജ്ഞാന വ്യാപനം സാധ്യമാക്കുന്നു.

**7. പേര്:** വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉത്പ്പാദനം റിവോൾവിങ് ധനസഹായം വഴി; **ഫയൽ നമ്പർ:** ആർ 1/68289/02; **ലക്ഷ്യം:** പൈനാപ്പിൾ, വാഴ, പാഷൻഫ്രൂട്ട് എന്നിവയുടെ നടീൽ വസ്തുക്കളുടെയും ടിഷ്യൂ കൾച്ചർ തൈകളുടെയും വൻ തോതിലുള്ള ഉൽപാദനം, നേഴ്സറി വിദ്യയിലും, ടിഷ്യൂ കൾച്ചറിലും ഉൽപാദന സങ്കേതിക വിദ്യയിലും സംസ്കരണത്തിലും മൂല്യവർദ്ധനത്തിലും മറ്റു ബന്ധപ്പെട്ടകാര്യങ്ങളിലും ആവശ്യമായ പരിശീലനം നൽകുക; **പ്രവർത്തനം:** പൈനാപ്പിൾ, വാഴ, പാഷൻ ഫ്രൂട്ട് നടീൽ വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിച്ച് അവ വിതരണം ചെയ്യുന്നു. വിജ്ഞാന വ്യാപനം നടത്തുന്നു.

## സർവകലാശാല രോഗനിർണ്ണയസംഘത്തിന്റെ സന്ദർശനങ്ങൾ

ചെടികളിൽ രോഗലക്ഷണങ്ങൾ കണ്ടപ്പോൾ കേരള കാർഷിക സർവ്വകലാശാലയിലെ സസ്യ സംരക്ഷണ ശാസ്ത്രത്തിലെ വിദഗ്ധരുടെ സംഘം സന്ദർശനം നടത്തി. ഗൗരവമായ അസുഖങ്ങളും, കീടങ്ങളും കഴിഞ്ഞ കുറെ വർഷങ്ങളായിട്ട് പൈനാപ്പിളിലും പാഷൻ ഫ്രൂട്ടിലും കണ്ടു വരുന്നു. ആർ എ ആർ എസ്, പട്ടാമ്പി, കോളേജ് ഓഫ് ഹോർട്ടികൾച്ചർ എന്നിവടങ്ങളിൽ നിന്നും, കെ. എ. യു.വിലെ മറ്റ് വിദഗ്ധ ഗവേഷണ സംഘവും വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിലുള്ള കേന്ദ്രത്തിന്റെ പരീക്ഷണ ഭൂമിയിലും കർഷകരുടെ തോട്ടങ്ങളിലും സന്ദർശനം നടത്തുകയും ലക്ഷണങ്ങൾ നോക്കി കൃഷി ഭൂമിയിലുള്ള പ്രശ്നങ്ങൾ കണ്ടെത്തുകയും, അവയ്ക്കുവേണ്ടുന്നതായ നിർദേശങ്ങൾ നൽകുകയും ചെയ്തു.



ഡോ.ബീന, സസ്യരോഗ വിഭാഗം, കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കര, ഡോ. ബേബിലത എന്നിവർ അടങ്ങുന്ന സംഘം കേന്ദ്രത്തിലെ പൈനാപ്പിൾ ഭൂമി സന്ദർശിക്കുകയും ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുന്നു



ഡോ. കോശി അബ്രഹാം, ഡോ. ജിം തോമസ്, ഡോ. ദേവദാസ് എന്നിവർ പാഷൻ ഫ്രൂട്ട് കൃഷിഭൂമി സന്ദർശിക്കുന്നു; ഡോ.പി.പി.ജോയിയുമായി ചർച്ച ചെയ്യുന്നു

## ഫാം ഉപദേശക സമിതി

വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിന് സ്വന്തമായി ഫാം ഇല്ലാത്തതിനാൽ 2015 വരെയും ഫാം ഉപദേശക സമിതി രൂപീകരിച്ചിരുന്നില്ല. എന്നാൽ, 2015ൽ കേരള കാർഷിക സർവ്വകലാശാലയുടെ നിർദേശമനുസരിച്ച് ഗവേഷണ കേന്ദ്രത്തിന്റെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനുവേണ്ടി ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി ഫാം ഉപദേശക സമിതി രൂപീകരിച്ചു: സ്റ്റേഷൻ മേധാവി, ജനറൽ കൗൺസിൽ മെമ്പർ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് പ്രതിനിധി, ലാബ് ജീവനക്കാരുടെ പ്രതിനിധി, ഫീൽഡ് ജീവനക്കാരുടെ പ്രതിനിധി. പിന്നീടിത്, സ്ഥലം എം എൽ എ, പഞ്ചായത് പ്രസിഡന്റ്, ജനറൽ കൗൺസിൽ മെമ്പർ, അസ്സോസ്സിയേറ്റ് ഡയറക്റ്റർ (ഫാംസ്), സ്റ്റേഷൻ മേധാവി, സ്ഥിരജീവനക്കാരുടെ പ്രതിനിധി, താത്ക്കാലിക ജീവനക്കാരുടെ പ്രതിനിധികൾ തുടങ്ങിയവരെ ചേർത്തുകൊണ്ട് ഫാം ഉപദേശക സമിതി പുനക്രമീകരിച്ചു.



**ഫാം ഉപദേശക സമിതി**

## നഴ്സറിയും നടീൽ വസ്തുക്കളുടെ വിതരണവും

വിവിധയിനം ടിഷ്യൂ കൾച്ചർ പൈനാപ്പിളും, വാഴയും, പാഷൻ ഫ്രൂട്ട് വേരുപിടിപ്പിച്ചതും, തൈകളും, വൻതോതിൽ ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ട്.



**a.** നഴ്സറി **b.** പാഷൻ ഫ്രൂട്ട് തൈകൾ **c.** ടിഷ്യൂകൾച്ചർ വാഴ തൈകൾ

## വിജ്ഞാന വ്യാപനം

വ്യക്തിപരമായ ചർച്ച, കൃഷി ഭൂമി സന്ദർശനം, ഫോൺ, ഈ മെയിൽ, വെബ്സൈറ്റ്, വാട്സാപ്പ് ഗ്രൂപ്പുകൾ, കത്തുകൾ, റേഡിയോ, ടി വി, പത്രം, മാസികകൾ, പ്രസിദ്ധീകരണങ്ങൾ, ശിൽപശാലകൾ, പരിശീലനങ്ങൾ തുടങ്ങിയവയിലൂടെ വിവര സാങ്കേതികവിദ്യ കൈമാറ്റം ചെയ്യപ്പെടുന്നു. ലഘുലേഖകൾ, ലേഖനങ്ങൾ, ലീഫ്ലെറ്റുകൾ, പാംലെറ്റുകൾ, സീഡികൾ, ഡിവീഡികൾ, തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ കേന്ദ്രത്തിന്റെ പ്രധാനവിളകളുടെ കൃഷിയും ഉപയോഗങ്ങളും കർഷകരിലേക്ക് എത്തിക്കുന്നു. പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ ഉത്പാദനം, സൂക്ഷിപ്പ്, സംരക്ഷണം, സംസ്കരണം, മൂല്യ വൽകരണം, ഗുണപരിശോധന, വിപണനം, കയറ്റുമതി മുതലായവയ്ക്കുള്ള നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നു.

### *ലഘുലേഖകൾ*

1. പൈനാപ്പിൾ ഗവേഷണ കേന്ദ്രം - മലയാളം
2. പൈനാപ്പിൾ ഗവേഷണ കേന്ദ്രം - ഇംഗ്ലീഷ്
3. പൈനാപ്പിൾ - മലയാളം
4. പൈനാപ്പിൾ വിഭവങ്ങൾ
5. പാഷൻ ഫ്രൂട്ട്
6. പാഷൻ ഫ്രൂട്ട് വിഭവങ്ങൾ
7. കൊതിയൂറും ചക്കവിഭവങ്ങൾ
8. പഴസംസ്കരണം

### *ലേഖനങ്ങൾ*

1. പൈനാപ്പിൾ ഗവേഷണ കേന്ദ്രം
2. പൈനാപ്പിൾ ഗവേഷണ കേന്ദ്ര വികസനം
3. കൈതച്ചക്ക
4. കൈതച്ചക്ക കൃഷി
5. കന്നാര കൃഷി
6. പ്രകൃതിയുടെ വരദാനമായ വാഴക്കുളം പൈനാപ്പിൾ ആസ്വദിക്കൂ കൃഷി ചെയ്യൂ ഉന്മേഷത്തിനും ആരോഗ്യത്തിനും
7. സുരക്ഷിത പൈനാപ്പിൾ കൃഷി
8. സുരക്ഷിത പൈനാപ്പിൾ കൃഷിക്കായി ശിൽപശാല ശുപാർശകൾ
9. സുരക്ഷിത പൈനാപ്പിൾ കൃഷി
10. സുസ്ഥിര വിളവിന് സംയോജിത പൈനാപ്പിൾ കൃഷി
11. പൈനാപ്പിൾ വളപ്രയോഗം
12. വാഴക്കുളം പൈനാപ്പിൾ
13. പൈനാപ്പിൾ കൃഷിയും ഉപയോഗവും
14. പൈനാപ്പിൾ സത്യമെന്ത്?
15. വിപണിയിൽ അത്ഭുതമായി വാഴക്കുളം പൈനാപ്പിൾ
16. കൈതച്ചക്കയുടെ നാട്ടിൽ
17. പാഷൻ ഫ്രൂട്ട്
18. പാഷൻ ഫ്രൂട്ട് കൃഷിയും ഉപയോഗവും
19. പ്രകൃതിയുടെ ഔഷധഖനിയായ പാഷൻ ഫ്രൂട്ട്
20. പാഷൻ ഫ്രൂട്ട് ആരോഗ്യത്തിനും ആദായത്തിനും
21. പാഷൻ ഫ്രൂട്ട് പാഴാക്കല്ലേ, പണമാക്കാം
22. ചക്ക ഒരു പോഷക കലവറ
23. പഴസംസ്കരണ രീതികൾ
24. വളപ്രയോഗം

### *റേഡിയോ പ്രഭാഷണങ്ങൾ*

ഓൾ ഇന്ത്യ റേഡിയോ തൃശൂർ, തിരുവനന്തപുരം നിലയങ്ങളിൽ പൈനാപ്പിൾ കൃഷിയെ പറ്റിയും പാഷൻ ഫ്രൂട്ട് കൃഷിയെപറ്റിയും സംസാരിച്ചു.

### *മാധ്യമ പരമ്പരകൾ*

താഴെ പറയുന്ന പ്രസിദ്ധീകരണങ്ങളിൽ പാഷൻ ഫ്രൂട്ടിനെ പറ്റിയും പൈനാപ്പിളിനെ പറ്റിയും വാർത്തകൾ വരുകയുണ്ടായി.

2012 ൽ മെട്രോ വാർത്ത, മലയാള മനോരമ, കേരള കർഷകൻ, മംഗളം, കൃഷിയങ്കണം; 2013 ൽ ഫ്ളവർ വേൾഡ്, മാത്രുഭൂമി; 2014 ൽ ദീപിക, കർഷകശ്രീ, കേരള കർഷകൻ, മംഗളം; 2015 ൽ കർഷകശ്രീ, കൃഷിയങ്കണം; 2016 ൽ ഫുഡ് ആന്റ് ബിവറേജ് ന്യൂസ്; 2017 ൽ കൃഷിയങ്കണം, കൽപധേനു, ഹരിതഭൂമി മുതലായവ.

### *പരിശീലന പ്രവർത്തനങ്ങൾ*

- പൈനാപ്പിൾ കൃഷിയെപറ്റിയും പാഷൻ ഫ്രൂട്ട് കൃഷിയെപറ്റിയും കർഷകർക്കും മറ്റും വേണ്ടുന്ന ക്ലാസ്സുകളും പരിശീലനങ്ങളും നൽകിയിട്ടുണ്ട്
- ആന്ധ്ര, തമിഴ്നാട്, കർണാടക തുടങ്ങിയ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കർഷകർക്ക ഇവിടെ നിന്നും ക്ലാസ്സുകൾ നൽകിയിട്ടുണ്ട്
- ടിഷ്യൂ കൾച്ചർ, സസ്യ രസതന്ത്രം, സസ്യ രോഗനിർണയം എന്നീ വിഷയങ്ങളിൽ വി. എച്ച്. എസ്. സി. കുട്ടികൾക്കും, വാഴക്കുളത്തിന്റെ അടുത്ത പ്രദേശങ്ങളായ മൂവാറ്റുപുഴ, തൊടുപുഴ ഭാഗങ്ങളിലുള്ള സ്കൂൾ കുട്ടികൾക്കും ക്ലാസുകൾ നൽകിയിട്ടുണ്ട്
- കുടുംബശ്രീ പ്രവർത്തകർക്ക പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, ചക്ക, വാഴപ്പഴം, പപ്പായ തുടങ്ങിയ പഴങ്ങളിൽ വിവിധയിനം സംസ്കരണരീതികളെക്കുറിച്ചു പരിശീലന ക്ലാസുകൾ കൊടുത്തിട്ടുണ്ട്

കേരള ശാസ്ത്ര കോൺഗ്രസ്സ്, പൈനാപ്പിൾ മേളകൾ എന്നിവയിൽ കേന്ദ്രം സജീവമായി പങ്കെടുക്കാറുണ്ട്.

### *വിദ്യാർത്ഥി പ്രോജ്ക്ടുകൾ*

കോഴിക്കോട് സർവ്വകലാശാല, മഹാത്മ ഗാന്ധി സർവ്വകലാശാല, കുഫോസ്, അമിറ്റി സർവ്വകലാശാല രാജസ്ഥാൻ തുടങ്ങിയ സർവ്വകലാശാലകളിൽ നിന്നും 12 ഓളം വിദ്യാർത്ഥികൾ ഇവിടെ പ്രോജ്ക്ടുകൾ ചെയ്തിട്ടുണ്ട്.

### *ഗുണ്മേന്മ നിർണ്ണയം*

ജലാംശം, ടി എസ് എസ്, പി എച്, റെഡ്യൂസിംഗ് ഷുഗർ, നോൺ റെഡ്യൂസിംഗ് ഷുഗർ, ടോട്ടൽ ഷുഗർ, അമ്ലത്വം, അസ്കോർബിക് ആസിഡ് മുതലായവ ഇവിടെ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് കൊടുക്കുന്നു.

### *അഗ്രോ ക്ലിനിക്കും കൺസൾട്ടൻസിയും*

കേരളത്തിന് അകത്തും പുറത്തുമുള്ള എല്ലാ പൈനാപ്പിൾ-പാഷൻ ഫ്രൂട്ട് കർഷകർക്കും കൃഷിയെ പറ്റിയും ഉപയോഗത്തെ പറ്റിയും വേണ്ടുന്ന ഉപദേശങ്ങളും സേവനങ്ങളും ഈ കേന്ദ്രം നൽകുന്നു. മറ്റ് പഴ വർഗങ്ങളായ വാഴപ്പഴം, മാങ്ങ, ചക്ക, റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ എന്നിവയുടെ കൃഷിയെ പറ്റിയും ഉപയോഗത്തെ പറ്റിയും പറഞ്ഞുകൊടുക്കുന്നു. ചെടിക്ക് രോഗം ബാധിച്ച ഭാഗങ്ങൾ കൊണ്ടുവന്നാൽ അവ പരിശോധിച്ച് വേണ്ട നിയന്ത്രണ മാർഗങ്ങൾ നിർദ്ദേശിക്കും. കേരള കാർഷിക സർവ്വകലാശാല അനുശാസിക്കുന്ന നിയമപ്രകാരം പഴങ്ങളുടെ ഗുണപരിശോധനകൾ നടത്തപ്പെടുന്നു. ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യയും, സംസ്കരണ രീതികളും ഇവിടെ നിന്നും നൽകുന്നു.

## സാധ്യതകൾ

1. പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, വാഴ എന്നിവയ്ക്കുമപ്പുറം വിളകളുടെ വൈവിധ്യവത്ക്കരണം നടത്താവുന്നതാണ്. പ്രത്യേകിച്ചും നമ്മുടെ നാട്ടിൽ വളർച്ചയ്ക്ക് സാധ്യതയുള്ള പഴ വർഗ്ഗങ്ങളായ റംബൂട്ടാൻ, മാങ്കോസ്റ്റീൻ തുടങ്ങിയവയും വളരെ സാധാരണമായി വീട്ടുവളപ്പിൽ ഉണ്ടാകുന്ന ചക്ക, മാങ്ങ, പപ്പായ തുടങ്ങിയവയും പഠനങ്ങളിലേക്ക് ചേർക്കാവുന്നതാണ്.
2. വാഴക്കുളം പൈനാപ്പിൾ എന്ന ഭൂസൂചിക യുടെ നേട്ടം പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു
3. കർഷകർ പൈനാപ്പിളിന്റെ ശാസ്ത്രീയമായ കൃഷിരീതികളിൽ പ്രാവീണ്യമുള്ളവരാണ്

4 വിപുലമായ വാണിജ്യ പാട്ടകൃഷി ഇന്ന് പൈനാപ്പിളിനുണ്ട്. അതുപോലെ പൈനാപ്പിളിന്റെ കച്ചവടസാധ്യതകളും പ്രചാരണത്തിലുണ്ട്
5 പൈനാപ്പിൾ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന പല സംഘടനകളും നിലവിലുണ്ട്. സാമ്പത്തികം, നടീൽ വസ്തുക്കൾ എന്നിവ ലഭ്യമാക്കാനുള്ള സാധ്യതകളുണ്ട്
6 പൈനാപ്പിൾ കർഷകരുടെയും കച്ചവടക്കാരുടെയും സംഘടനകൾ നിലവിലുണ്ട്
7 വൻ തോതിൽ സ്വീകാര്യമായ റബ്ബർ–പൈനാപ്പിൾ ഇടവിള കൃഷി, അതുപോലെ തെങ്ങ്–പൈനാപ്പിൾ ഇടവിളകൃഷി
8 ബാങ്കിന്റെയും സർക്കാരിന്റെയും പൈനാപ്പിൾ കർഷകർക്ക് അനുകൂലമായ നയങ്ങൾ
9 ഗവേഷണ കേന്ദ്രങ്ങൾ മുഖേനയുള്ള ശാസ്ത്ര സാങ്കേതിക വിദ്യയുടെ കൈമാറ്റം ഇന്നും ചെയ്തു പോരുന്നു
10 കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ
11 പൈനാപ്പിൾ കൃഷിയിൽ വ്യാപകമായ യന്ത്രവത്ക്കരണം ആവശ്യമാണ്
12 ഗുണഭോക്താക്കൾക്ക് വിദക്തരുമായി ബന്ധപ്പെട്ട് ഇ മെയിൽ, വെബ്സൈറ്റ്, വാട്ട്സപ്പ്, ഫോൺ മുതലായ മാർഗ്ഗങ്ങളിലൂടെ തൽസമയം പ്രശ്നപരിഹാരം തേടാം

## പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിന്റെ വികസന രൂപരേഖ

ഗവേഷണ കേന്ദ്രത്തിൽ വിവിധ പ്ലാനുകളിലായി 7 ഗവേഷണ – വികസന പദ്ധതികളാണ് നിലവിലുള്ളത്.

കേന്ദ്രത്തിലെ ഗവേഷണ നിരീക്ഷണങ്ങൾ വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി, നടുക്കര, പാട്ടത്തിനു തന്നിരിക്കുന്ന 5 കിലോമീറ്റർ അകലെയുള്ള 0.61 ഹെക്ടർ ഭൂമിയിലാണ് നടക്കുന്നത്. പ്രബലമായ ഗവേഷണ ഫലങ്ങൾക്ക് അവ കൃത്യമായ ശാസ്ത്രീയ അടിസ്ഥാനത്തിൽ നടത്തണം. ഈ സാഹചര്യത്തിൽ ഗവേഷണ കേന്ദ്രത്തിനു എളുപ്പത്തിൽ എത്തിചേരാൻ കഴിയുന്ന ദൂരത്തിൽ വേലിയും, കാവലുമുള്ള ഒരു സ്ഥിര കൃഷി സ്ഥലം ആവശ്യമാണ്. പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിന് സ്വന്തം ഗവേഷണ സ്ഥലം ലഭിക്കുകയാണെങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ താഴെ പറയും വിധം കൂടുതൽ വിപുലപ്പെടുത്തുന്നതിനും അതുപോലെ മറ്റു ഫലവർഗ്ഗ വിളകളെ കൂടി ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിയ്ക്കാനും കഴിയും.

- ക്യാനിങ്ങിനും, ജ്യൂസ്സിനും, പഴമായും ഉപയോഗിക്കാവുന്ന പൈനാപ്പിൾ ഇനത്തെ ഗവേഷണം വഴി കണ്ടുപിടിക്കുക
- ടിഷ്യൂ കൾച്ചർ വഴി ഓരോ ഇനത്തിന്റെയും ധാരാളം തൈകൾ ഉണ്ടാക്കുക
- നൂതന സാങ്കേതിക വിദ്യ വഴി ഓരോ പഴങ്ങളുടെയും ഉൽപാദനം വർദ്ധിപ്പിക്കുക
- വിളവെടുപ്പിനുശേഷമുള്ള കേടുപാടുകൾ കുറയ്ക്കുകയും ഫലസംസ്കരണം വഴി ഉൽപന്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുക
- പൈനാപ്പിൾ ഇലകളിൽ നിന്നും നാരുൽപ്പന്നങ്ങൾ ഉണ്ടാക്കുക
- പ്രോട്ടീൻ വിഘടന എൻസൈം ബ്രൊമിലൈൻ ഉദ്ധാരണത്തിലൂടെ വാണിജ്യവൽകരിക്കുക
- പഴങ്ങൾ ദീഘകാലം സൂക്ഷിച്ചുവയ്ക്കുകയും, കയറ്റുമതി ചെയ്യുവാനുമുള്ള സഹായങ്ങൾ ചെയ്യുക
- കൃഷിക്കാർക്ക് ഓരോ ഇനത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി കൃഷി ചെയ്യുവാനുള്ള പരിശീലനം നൽകുക
- കേടുവന്ന പൈനാപ്പിൾ വളമായി മാറ്റുന്നതിനുള്ള പരിശീലനം

## പ്രതീക്ഷയോടെ മുന്നോട്ട്

ഭാവിയിൽ മറ്റ് ഫലവർഗ്ഗ വിളകളായ മാവ്, റംബൂട്ടാൻ, മാഗോസ്റ്റിൻ, പപ്പായ, സപ്പോട്ട, ചക്ക എന്നിവയുടെ ഉൽപാദനത്തിലും, ഗവേഷണ മേഖലയിൽ മേൽകോയ്മയും, ആധിപത്യവും സ്ഥാപിച്ച് 'ഫ്രൂട്ട് ക്രോപ്സ് റിസർച്ച് സെന്റർ ഓഫ് എക്സലെൻസ്' (എഫ് സി ആർ സി ഇ) എന്ന പേരിൽ ഉയരുവാനാണ് പൈനാപ്പിൾ ഗവേഷണ കേന്ദ്രം ലക്ഷ്യമാക്കുന്നത്. ഏറ്റവും മികച്ച മാനവികശേഷിയും, ഭൗതികഘടന വികസനവും സംയോജിപ്പിച്ചു കൊണ്ടുള്ള അശ്രാന്ത ഗവേഷണ വികസന

പ്രവർത്തനങ്ങളിലൂടെ ഫലവർഗ്ഗ മേഖലയിൽ മേൽകോയ്മയും, ആധിപത്യവും സ്ഥാപിച്ച് കർഷകർക്ക് മികച്ച സാങ്കേതിക വിദ്യയും, ഉൽപന്നങ്ങളും, സേവനങ്ങളും നൽകുവാൻ ഈ ഗവേഷണ കേന്ദ്രം ബദ്ധശ്രദ്ധമാണ്.

**'എഫ് സി ആർ സി ഇ' ൽ ഉൾക്കൊള്ളുന്നത്**

**1) സാങ്കേതിക വിഭാഗം**

1.1) വിള മെച്ചപ്പെടുത്തൽ

1.2) വിള ഉൽപാദനം

1.3) വിള സംരക്ഷണം

**2) ഉൽപാദന വിഭാഗം**

2.1) ഫലസംസ്കരണവും, മൂല്യവർദ്ധന ഉൽപാദനങ്ങളും

2.2) ഗുണനിലവാര പരിശോധന

**3) സേവന വിഭാഗം**

3.1) സാങ്കേതിക വിദ്യയുടെ കൈമാറ്റം

വാഴക്കുളവും, പരിസരപ്രദേശങ്ങളും പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, വാഴ, മാവ്, പ്ലാവ്, റംബൂട്ടാൻ, മഗോസ്റ്റിൻ, പപ്പായ, തുടങ്ങിയ ഫലങ്ങളുടെ ഉൽപാദനത്തിന് പ്രസിദ്ധമാണ്. ഇവയിൽ കർഷകർക്ക് കാർഷികോപദേശങ്ങൾ നൽകുന്ന മറ്റൊരു ഗവേഷണ കേന്ദ്രവും എറണാകുളം ജില്ലയിലില്ല. സ്വന്തമായി കൃഷിസ്ഥലവും, ജീവനക്കാരും, അനുബന്ധ സൗകര്യങ്ങളും ഉണ്ടെങ്കിൽ ഗവേഷണ നിരീക്ഷണങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിയും. ഇതുവഴി, ജില്ലയിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താനും, കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

ഈ ഗവേഷണ കേന്ദ്രത്തിൽ, കൃഷി അടിസ്ഥാനമാക്കിയുള്ള പൈനാപ്പിൾ, പാഷൻ ഫ്രൂട്ട്, വാഴ എന്നിവയുടെ ഉൽപാദനത്തിനും; ഇവയുടെ കൃത്യമായ ഗവേഷണ നിരീക്ഷണങ്ങൾക്കും തൊഴിലാളികളെ ആവശ്യമുണ്ട്. അങ്ങനെ, വാഴക്കുളം പ്രദേശത്തുള്ള അനേകർക്ക് തൊഴിൽ അവസരവും, നമ്മുടെ ഗവേഷണ ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള കൃത്യമായ സാങ്കേതികോപദേശങ്ങൾ കിട്ടുകയും ചെയ്യും. ഈ ഗവേഷണ കേന്ദ്രം, കേരളത്തിലെ മറ്റു വിളകളിൽ കൂടി ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ; കേരളത്തിലെ, പ്രത്യേകിച്ച് ഈ ജില്ലയിലെ എല്ലാ കർഷകർക്കും കൃഷിക്കാവശ്യമുള്ള നിർദ്ദേശങ്ങൾ നൽകാൻ സാധിക്കും.

ഈ ഗവേഷണ സ്ഥാപനത്തിന് സ്വന്തമായി കൃഷിയും അനുബന്ധ സൗകര്യങ്ങളും ഉണ്ടാകുന്നതുവഴി ഈ ജില്ലയുടെ തന്നെ കാർഷികവും, സാമ്പത്തികവുമായ മേഖലകളുടെ ഉന്നതിക്കും, സമീപപ്രദേശങ്ങളിലുള്ള സാധാരണക്കാരായ തൊഴിൽരഹിതരുടെ തൊഴിൽ സാധ്യതയ്ക്കും കാരണമാകുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

## ഭാവി ലക്ഷ്യങ്ങളും അതിനു വേണ്ട നടപടികളും

| ഭാവി ലക്ഷ്യങ്ങൾ | നടപടികൾ |
|---|---|
| യന്ത്രവൽകൃതമായ കൃഷി രീതികൾ | നിലമൊരുക്കലിനും, നടീലിനും, കള നിയന്ത്രണത്തിനും, ചെടിയുടെ സംരക്ഷണത്തിനും, വളപ്രയോഗത്തിനും, വിളവെടുപ്പിനുമായി യന്ത്രങ്ങൾ ഉപയോഗിക്കുന്നത് തൊഴിലാളികളെ ആശ്രയിക്കുന്നതും ചിലവ് കുറയ്ക്കുവാനും സഹായിക്കും |
| വൈറസുകളെയും, രോഗങ്ങളെയും പ്രതിരോധിക്കാൻ കഴിവുള്ള ചെടികൾ ഉൽപാദിപ്പിക്കുക | മോളികുലാർ മാതൃക വഴി മീലിമൂട്ട പരത്തുന്ന വൈറസിനെയും കുമിളിനേയും പ്രതിരോധിക്കാൻ കഴിവുള്ള പുതിയ ഇനം വികസിപ്പിച്ചെടുക്കുക |

| | |
|---|---|
| ചെലവു കുറഞ്ഞ ഉൽപാദന സാങ്കേതിക വിദ്യയുടെ ഉത്തമീകരണം | പരമാവധി ഉൽപാദനത്തിനും, കൃഷി ലാഭകരമാക്കുന്നതിനുമുള്ള വഴികൾ |
| പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് കൃഷികളെ പ്രോത്സാഹിപ്പിക്കുക | കർഷകരുടെ വിളനിലത്തിൽ ഗവേഷണ കേന്ദ്രങ്ങൾ മേൽനോട്ടം വഹിക്കുന്ന കൃഷിയിടങ്ങളുടെ ശൃംഖല |
| ജൈവകൃഷി | രാസവളങ്ങളുടെ ഉപയോഗം കുറച്ചു കൊണ്ട് പൈനാപ്പിളിൽ ജൈവവള പ്രയോഗം കൂട്ടാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക |
| സംസ്കരണം, ഉൽപ്പന്ന വൈവിധ്യം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുക | കയറ്റുമതി–സംസ്കരണ മേഖലയിലുള്ളവരുടെ പ്രശ്നങ്ങൾ പഠിക്കുക. അതു തരണം ചെയ്യാനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക |
| ഉത്പന്ന വൈവിദ്ധ്യം ഉറപ്പാക്കുകയും വിൽപ്പന ശൃംഖല പൂർണ്ണമായും ഉപയോഗപ്പെടുത്തുകയും ചെയ്യുക | പൈനാപ്പിൾ ഉത്പ്പന്നങ്ങളായ നാരുകൾ, ബ്രൊമിലൈൻ, വൈൻ, ബയോഗ്യാസ്, ബയോഫ്യൂവൽ, കമ്പോസ്റ്റ് തുടങ്ങിയവയ്ക്ക് വേണ്ടുന്ന സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുക |
| എഫ് പി ഒ രജിസ്ട്രേഷനോടുകൂടിയ ഫുഡ് ടെക്നൊളജി പരീക്ഷണശാല | പൈനാപ്പിളിൽ നിന്നും മറ്റ് അനുബന്ധ പഴവർഗങ്ങളിൽ നിന്നും പുതിയതും സംസ്കരിച്ചെടുത്തതുമായ ഉത്പന്നങ്ങൾ ഉണ്ടാക്കുവാനായി എല്ലാസൗകര്യങ്ങളോടും കൂടിയ ഫുഡ് ടെക്നോളജി പരീക്ഷണശാല ഉണ്ടാക്കുക |
| ഗുണനിലവാരനിയന്ത്രണ പരീക്ഷണശാല | കയറ്റുമതി ചെയ്യുന്ന പഴങ്ങളുടെയും മറ്റ് ഉത്പന്നങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുക. അവ നിലനിർത്തുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക |
| ഇന്റർനെറ്റ്, മൊബൈൽ സാങ്കേതികവിദ്യകൾ | നൂതന സങ്കേതികവിദ്യകൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുക; അത് ഇന്റർനെറ്റ് വഴി ലഭ്യമാക്കുക;<br>ഗവേഷണ കേന്ദ്രത്തിന്റെ പേരിലുള്ള മൊബൈൽ ആപ്പ്ളിക്കേഷനുകൾ വഴി കർഷകരുടെ സംശയനിവാരണവും അവർക്ക് വേണ്ടുന്നതായ സാങ്കേതിക സഹായവും എത്തിക്കുക |
| പുറം കരാറുകൾ | ലോകത്തിന്റെ ഏത് ഭാഗത്തുമുള്ള ആധുനിക സങ്കേതികവിദ്യ ലഭ്യമാക്കുക |
| പ്രവർത്തിപരമായ നടത്തിപ്പ്, ഏകോപനം, മേൽനോട്ടം, നിയന്ത്രണം | ഗവേഷണ വികസനശ്രമങ്ങൾക്കും, കൈമാറ്റത്തിനും വേണ്ടി ഗവേഷണ കേന്ദ്രങ്ങളും വ്യവസായശാലകളും സ്വകാര്യ പൊതുമേഖല സമിതികളും തമ്മിൽ നല്ല ബന്ധം ഉണ്ടാക്കിയെടുക്കുക |
| കൃത്യതയും, ദ്രുതഗതിയും, സങ്കീർണ്ണവുമായ സ്വയംപര്യാപ്തത കൈവരിച്ചതുമായ പ്രവർത്തനമേഖല | മികച്ച മാനവ വിഭവശേഷി, ആന്തരഘടന, ഉപകരണങ്ങൾ, സ്വയംനിയന്ത്രിത യന്ത്രവൽകരണം, പ്രവർത്തനസംസ്കാരം, സ്വയംപര്യാപ്തത |

## വെല്ലുവിളികൾ

- ഗവേഷണത്തിനും വികസനത്തിനും വേണ്ടി സ്വന്തമായ കൃഷിയിടം വേണം
- മികച്ച സാങ്കേതിക വിദ്യക്കും, ഉല്പന്നങ്ങൾക്കും, സേവനങ്ങൾക്കുമായി യോഗ്യതയും കഴിവുമുള്ള ജീവനക്കാരും, ഗുണനിലവാരമുള്ള ഉപകരണങ്ങളും, അനുബന്ധ സൗകര്യങ്ങളും, ശ്രേഷ്ഠമായ ജോലിസംസ്കാരവും ഉണ്ടാകണം
- എഫ് പി ഒ രജിസ്ട്രേഷനുള്ള എല്ലാ സൗകര്യങ്ങളോടും കൂടിയ ഫുഡ് ടെക്നോളജി ലാബ്
- ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ സൗകര്യങ്ങളുമുള്ള പ്രത്യേക വില്പന കേന്ദ്രം
- സമഗ്ര ഗവേഷണ വികസനത്തിനായി പൂർണ്ണ ഓഫീസ്, ലാബ്, കൃഷിയിട സൗകര്യങ്ങൾ

- സ്ഥാപനത്തിന്റെ സമ്പൂർണ്ണ പ്രവർത്തനത്തിന് യഥാസമയം ആവശ്യമായ ധനസഹായം
- മികച്ച പ്രവർത്തന സാഹചര്യങ്ങളും ഉത്ക്കർഷേച്ഛയും സംതൃപ്തവുമായ മാനവശേഷിയും
- 'ഫ്രൂട്ട് ക്രോപ്സ് റിസർച്ച് സെന്റർ ഓഫ് എക്സലെൻസ്' (എഫ്. സി. ആർ. ഗി. ഇ.) എന്ന മഹൽ സ്വപ്നം അതിശീഘ്രം സാക്ഷാത്കരിക്കണം
- ഗവേഷണ വികസനത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ ടെക്നോളജി നടപ്പിലാക്കണം
- സമ്പൂർണ്ണ സുതാര്യത സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഇടപാടുകളിലും വേണം

## ഏവർക്കും സുസ്വാഗതം....

കേരള കാർഷിക സർവ്വകലാശാലയുടെ ഈ കേന്ദ്രത്തിലേക്ക് നിങ്ങൾക്ക് എപ്പോഴും സുസ്വാഗതം. മുൻകൂർ സൂചനയോടുകൂടി വരുന്നതാണ് അഭികാമ്യം. പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി സ്ഥാപനത്തിന്റെ വെബ്സൈറ്റ് (http://prsvkm.kau.in/) സന്ദർശിക്കാവുന്നതും വിവരങ്ങൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. പൈനാപ്പിൾ, പാഷൻ ഫ്രൂട്ട് വാട്സാപ്പ് ഗ്രൂപ്പുകളിൽ അംഗങ്ങളായി ഫോണിലൂടെ തൽസമയ പ്രശ്നപരിഹാരം തേടാം. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും വിമർശനങ്ങളും നിർദ്ദേശങ്ങളും മെയിൽ (prsvkm@kau.in) വഴിയോ, ഫോൺ (04852260832) വഴിയോ, നേരിട്ടോ അറിയിക്കാവുന്നതാണ്. അവ ഞങ്ങൾക്ക് വിലയേറിയതും, സർവ്വാത്മന സ്വീകാര്യവും, ഈ സ്ഥാപനത്തിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്കും വികസനത്തിനും അനിവാര്യവുമാണ്.

## എത്തിച്ചേരുവാൻ (ഗൂഗിൾ മാപ് ജിയൊ കോർഡിനേറ്റ്സ്: 9.9435,76.6384)






കൊച്ചി തുറമുഖം: 80 കി.മീ.
ആലുവ റെയിൽവെ സ്റ്റേഷൻ: 50 കി.മീ.
നെടുമ്പാശേരി എയർപ്പോർട്ട്: 40 കി.മീ.
തൊടുപുഴ: 10 കി.മീ.
മൂവാറ്റുപുഴ: 10 കി.മീ.